പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 631

23-07-08 ൽ മറുപടിക്ക്

## ടൂറിസം ഡസ്റ്റിനേഷനുകൾക്ക് മാസ്റ്റർ പ്ലാൻ

ചോദ്യം

ശ്രീ. കെ.കെ.ജയചന്ദ്രൻ
ശ്രീ. കെ. കുഞ്ഞിരാമൻ
ശ്രീ. പി.കൃഷ്ണ പ്രസാദ്
ശ്രീ. ആർ. സെൽവരാജ്
ശ്രീ. വി.എൻ.വാസവൻ

(എ) സംസ്ഥാനത്തെ ടൂറിസം ഡസ്റ്റിനേഷനുകളുടെ സമഗ്രവും ശാസ്ത്രീയവുമായ വികസനത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രകൃതിരമണീയവും പരിസ്ഥിതി പ്രാധാന്യവുമുള്ള സ്ഥലങ്ങളെ കണ്ടെത്തി, അവിടെ സുസ്ഥിരമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ടൂറിസം വകുപ്പ് നേരിട്ടും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ മുഖേനയുമാണ് ഇത്തരത്തിലുള്ള പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുന്നത്. ഇതിനായി സംസ്ഥാന പദ്ധതി വിഹിതവും കേന്ദ്ര സഹായവും ഉപയോഗിച്ചു വരുന്നു. ഇത്തരത്തിൽ വികസിപ്പിക്കുന്ന ഡസ്റ്റിനേഷനുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ യഥാസമയം ഇടപെടുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ കീഴിൽ ' ഡസ്റ്റിനേഷൻ മാനേജ്മെന്റ്

കൗൺസിലുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവ ഡസ്റ്റിനേഷനുകളുടെ സുഗമമായ പരിപാലനത്തിന് സഹായകരമാകും.

(ബി) ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുമ്പോൾ പരിഗണിക്കുന്ന മുഖ്യഘടകങ്ങൾ എന്തെല്ലാമാണ്;

(ബി) 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്ട് പ്രകാരം പ്രത്യേക വിനോദസഞ്ചാരമേഖലകളായി പ്രഖ്യാപിക്കുന്ന കേന്ദ്രങ്ങൾക്കാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. പ്രസ്തുത കേന്ദ്രങ്ങളുടെ വികസനത്തിനു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ ആ പ്രദേശത്തിന്റെ പരിസ്ഥിതി, ഭൂമിയുടെ നിലവിലുള്ള ഉപയോഗം, ഭാവിയിൽ ആ പ്രദേശത്തെ ഉചിതമായ രീതിയിൽ എങ്ങനെ ഉപയോഗിക്കാം, പ്രകൃതിഭംഗിയും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും സ്ഥാപനങ്ങളും കണ്ടെത്തി അവയെ എങ്ങനെ സംരക്ഷിക്കാം, ഈ സ്ഥലങ്ങളിലേക്ക് വിനോദ സഞ്ചാരികൾക്ക് എത്തിച്ചേരാനുള്ള പാതകളും റോഡുകളും എങ്ങനെ മെച്ചപ്പെടുത്താം, തദ്ദേശവാസികൾക്ക് ഈ പദ്ധതികൾ മൂലംഉണ്ടാകാവുന്ന സാമൂഹികവും ധനപരവുമായ നേട്ടങ്ങൾ എന്നീ വിഷയങ്ങളാണ് പരിഗണിക്കുന്ന മുഖ്യഘടകങ്ങൾ.

(സി) പുതുതായി ഏതെല്ലാം ടൂറിസം ഡസ്റ്റിനേഷനുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുദ്ദേശിക്കുന്നു?

(സി) ആദ്യഘട്ടത്തിൽ മൂന്നാർ, കോവളം, കുമരകം, ഫോർട്ട് കൊച്ചി എന്നീ ഡസ്റ്റിനേഷനുകൾക്കാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :632 23-07-2008ൽ മറുപടിക്ക്

വൈദ്യുതി പ്രതിസന്ധി

| ചോദ്യം.<br>ശ്രീ.എൻ.ശക്തൻ :<br>ശ്രീ.എ.പി. അനിൽ കുമാർ :<br>ശ്രീ. എം.മുരളി : | ഉത്തരം<br>ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തുണ്ടായിട്ടുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിനായി ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്ന് എന്തു വിലയ്ക്ക് വൈദ്യുതി വാങ്ങണമെന്നാണ് തീരുമാനിച്ചിട്ടുള്ളത് ; | (ബി) ഛത്തീസ്ഗഡ്, ത്രിപുര, തമിഴ്നാട്, ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ, ഹിമാചൽപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും 5.55 രൂപ മുതൽ 8.05 രൂപ വരെ നിരക്കിൽ കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള എൻ.ടി.പി.സി. വിദ്യുത് വ്യാപാർ നിഗം ലിമിറ്റഡ്, പവർ ട്രേഡിംഗ് കോർപ്പറേഷൻ എന്നിവ വഴി ദിവസേനയുള്ള ആവശ്യകത കണക്കാക്കി വൈദ്യുതി വാങ്ങുന്നതിന് ധാരണയായിട്ടുണ്ട്. കൂടാതെ കേരളത്തിലെ താപനിലയങ്ങളായ കായംകുളം എൻ.ടി.പി.സി നിലയം, കൊച്ചിയിലെ ബി.എസ്.ഇ.എസ് നിലയം, കാസർക്കോട്ടെ ഡീസൽ നിലയം എന്നിവയിൽ നിന്ന് യൂണിറ്റിന് 8.74 രൂപമുതൽ 12.40 രൂപവരെ നിരക്കിലും സതേൺ ഗ്രിഡിൽ നിന്നും ഷെഡ്യൂൾ ചെയ്യാതെ ഓവർ ഡ്രോ വഴി ABT താരീഫിൽ യൂണിറ്റിന് 6.60 രൂപ മുതൽ 8.88 രൂപ വിലക്കും വൈദ്യുതി വാങ്ങുന്നുണ്ട്. |
| (സി) ഇതുവരെ ഇത്തരത്തിൽ എത്ര യൂണിറ്റ് വൈദ്യുതി വിലയ്ക്കു വാങ്ങിയെന്നും ഇതിനായി എന്തു തുക ചെലവായെന്നും വെളിപ്പെടുത്തുമോ ; | (സി) സംസ്ഥാനത്തുണ്ടായിട്ടുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി 2008 മേയ് 20 മുതൽ ജൂൺ 15വരെ യൂണിറ്റൊന്നിന് 6 രൂപ നിരക്കിൽ 15.7475 ദശലക്ഷം യൂണിറ്റ് വൈദ്യു |

ത്തി പീക്ക് സമയത്ത് (വൈകുന്നേരം 5 മണി മുതൽ രാത്രി 11 മണിവരെ) പഞ്ചാബിൽ നിന്നും കേന്ദ്ര സർക്കാർ പൊതുമേഖലാസ്ഥാപനമായ എൻ.ടി. പി.സി. വിദ്യുത് വ്യാപാർ നിഗം ലിമിറ്റഡ് (**NVVN**) മുഖേന വാങ്ങിയിട്ടുണ്ട്.

കൂടാതെ 16.06.2008 മുതൽ 30.06.2008 വരെ തിരിച്ചുകൊടുക്കാമെന്ന വ്യവസ്ഥയിൽ (സ്വാപ്പ് (**Swap**) സംവിധാനത്തിൽ) കേന്ദ്ര പൊതുമേഖലാസ്ഥാപനമായ എൻ.വിവിഎൻ മുഖേന പീക്ക് സമയത്ത് 11.85 ദശലക്ഷം യൂണിറ്റ് വൈദ്യുതി പഞ്ചാബിൽ നിന്നും 20.06.08 മുതൽ 23.06.08 വരെ 1.2 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.വിവി.എൻ മുഖേന മദ്ധ്യപ്രദേശിൽനിന്നും വാങ്ങിയിട്ടുണ്ട്. ജൂലൈമാസത്തിൽ 17-ാം തീയതി വരെ യൂണിറ്റിന് 7.07 രൂപ നിരക്കിൽ ഛത്തീസ്ഗഡിൽ നിന്നും കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള പവർ ട്രേഡിംഗ് കോർപ്പറേഷൻ വഴി 3.4 ദശലക്ഷം യൂണിറ്റും കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള പവർ ട്രേഡിംഗ് കോർപ്പറേഷൻ മുഖേന ഇന്ത്യൻ എനർജി എക്ചേഞ്ചിൽ നിന്നും യൂണിറ്റിന് 7.60 രൂപ മുതൽ 8.30 രൂപ വരെ നിരക്കിൽ 10.5 ദശലക്ഷം യൂണിറ്റും വാങ്ങിയിട്ടുണ്ട്. കായംകുളത്തെ എൻ.ടി.പി.സി നിലയം കൊച്ചിയിലെ ബി.എസ്. ഇ.എസ് നിലയം കാസർകോട്ടെ ഡീസൽ നിലയം എന്നിവയിൽ നിന്നും യൂണിറ്റിന് 8.74 രൂപ മുതൽ 12.40 രൂപ വരെ നിരക്കിൽ മൊത്തം 283 ദശലക്ഷം വൈദ്യുതി 2008 മെയ് 20 മുതൽ ജൂലൈ 17 വരെ വാങ്ങിയിട്ടുണ്ട്. സതേൺ ഗ്രിഡിൽ നിന്നും ഷെഡ്യൂൾ ചെയ്യാതെ ഓവർ ഡ്രോ ചെയ്ത് **ABT** നിരക്കിൽ യൂണിറ്റിന് 6.60 രൂപ മുതൽ 8.88 രൂപ വരെ വിലക്ക് 193.5 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങി. ഇങ്ങിനെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങിയതും സംസ്ഥാനത്തിനകത്തെ താപനിലയങ്ങളിൽ നിന്ന് വാങ്ങിയതും ഷെഡ്യൂൾ ചെയ്യാതെ ഓവർഡ്രോ ചെയ്തും അടക്കം ഉദ്ദേശം 450 കോടി രൂപയുടെ

| | | | |
|---|---|---|---|
| | | | വൈദ്യുതി ആണ് 2008 മെയ് 20 മുതൽ ജൂലൈ 17 വരെ വാങ്ങിയിട്ടുള്ളത് |
| (ഡി) | മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് ഉപഭോക്താക്കളിൽ നിന്നും സെസ് പിരിക്കണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | എങ്കിൽ ഓരോ യൂണിറ്റിനും എന്തു തുക വീതം സെസ് പിരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത് ; | (ഇ); (എഫ്) & (ജി) | വൈദ്യുതി പ്രതിസന്ധി രൂക്ഷമായതിനുശേഷം വൈദ്യുതി ബോർഡിന്റെ പ്രതിദിന അധിക സാമ്പത്തിക ബാദ്ധ്യത ശരാശരി ഏഴ് കോടി രൂപയാണ്. ഈ അധിക ബാദ്ധ്യത താങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ വൈദ്യുതി ബോർഡ് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന് മുന്നിൽ ഒരു പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. പൊതു തെളിവെടുപ്പിന്റെ കൂടി അടിസ്ഥാനത്തിൽ പ്രത്യേകം സർച്ചാർജ് ഏർപ്പെടുത്തുന്ന കാര്യം വൈദ്യുതി റഗുലേറ്ററി കമ്മീഷൻ തീരുമാനമെടുക്കേണ്ടതുണ്ട്. സബ്സിഡി നൽകുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല. |
| (എഫ്) | ഇതനുസരിച്ച് ഓരോ യൂണിറ്റിനും എന്തു തുക വീതംഅധികമായി ഉപഭോക്താവ് നൽകേണ്ടി വരും ; | | |
| (ജി) | ഉപഭോക്താക്കൾക്ക് അധിക ബാധ്യത വരാത്ത രീതിയിൽ വൈദ്യുതി വിലയിൽ സർക്കാർ സബ്സിഡിയോടെ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 633 — 23.07.08 ൽ മറുപടിക്ക്.

## ടൂറിസം ഇൻഫ്രാസ്ട്രക്ചർ വികസന കോർപ്പറേഷൻ രൂപീകരണം

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി.
ശ്രീ.എം.ഹംസ
ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി
ശ്രീ.എ.പ്രദീപ്കുമാർ

**ഉത്തരം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി)

എ) ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾവർദ്ധിപ്പിക്കുന്നതിനായി ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ വികസന കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപടി ഏതുവരെയായി എന്ന് അറിയിക്കുമോ;

എ) ഉണ്ട്. ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ടൂറിസ്റ്റ് റിസോർട്ട് കേരള ലിമിറ്റഡ് (TRKL) എന്ന പേരിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ നിലവിലുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിപുലീകരിച്ച് പ്രസ്തുത കോർപ്പറേഷനെ ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള 'കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ്' എന്ന ഒരു സ്ഥാപനമാക്കി മാറ്റാനുള്ള പദ്ധതി പരിഗണനയിലുണ്ട്. ഇതിനായി ടൂറിസ്റ്റ് റിസോർട്ട് കേരള ലിമിറ്റഡിന്റെ മെമ്മോറാണ്ടം & ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ നടപടി എടുത്തു വരുന്നു.

(ബി) ഏതെല്ലാം പുതിയ പദ്ധതികളാണ് ഇതുവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

(ബി) ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള പദ്ധതികൾക്ക് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുക, വിവിധ ഏജൻസികളിൽ നിന്നും ടൂറിസം മേഖലയിൽ ലഭിക്കുന്ന സാമ്പത്തിക സഹായം കിട്ടാൻ സഹായിക്കുക, ടൂറിസം രംഗത്ത് പുതുതായി വരുന്ന സ്വകാര്യ / പൊതുമേഖലാ സംരംഭങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുക തുടങ്ങിയ നിരവധി ലക്ഷ്യങ്ങളാണ് ഈ കോർപ്പറേഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

Saraswathi

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 634.** **23.7.2008 ന് മറുപടിയ്ക്ക്**

## *കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ*

| ചോദ്യം. | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്:<br>ശ്രീ. എ.എം. യൂസഫ്:<br>ശ്രീ. വി. ശശികുമാർ:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ: | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി). |
| (എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (എ) കേരളത്തിന്റെ തനതു ക്രാഫ്റ്റ് മേഖലയെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന പേരിൽ ഒരു സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പ് ആസ്ഥാനമാക്കി 13.6.08 മുതൽ പ്രവർത്തനം ആരംഭിച്ചു. നമ്മുടെ പരമ്പരാഗത കരകൗശല മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും പര്യാപ്തമായ നവീകരണ പ്രക്രിയ കാലഘട്ടത്തിന്റെ അടിയന്തിരാവശ്യമാണ് എന്ന വസ്തുത ഉൾക്കൊണ്ട്, കരകൗശല രംഗത്ത് പ്രവർത്തിക്കുന്നവരുടെ തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തിയും ഉൽപ്പന്നങ്ങളുടെ രൂപ കല്പനയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിയും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ പശ്ചാത്തലമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് ടി സ്ഥാപനം ആരംഭിച്ചിട്ടുള്ളത്. |
| (ബി) കരകൗശല ഉല്പന്നങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ഉപഭോക്താക്കളുടെ മാറിയ അഭിരുചിക്കനുസരിച്ച് സാധനങ്ങൾ നിർമ്മിക്കുന്നതിനും ഇവിടെ പരിശീലനം നൽകുന്നുണ്ടോ; | (ബി) പരിശീലനം ആരംഭിച്ചിട്ടില്ല. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയെടുക്കുകയാണ്. |
| (സി) കേരളത്തിന്റെ തനത് കരകൗശല വൈദഗ്ദ്ധ്യം നിലനിറുത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) സ്വീകരിക്കും. |
| (ഡി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനായി ഈ വർഷം എന്തുതുകയാണ് അനുവദിച്ചിട്ടുള്ളത്? | (ഡി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

S. Mele Thy

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.635.

23.7.2008 ൽ മറുപടിയ്ക്ക്.

കൃഷി ഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപടി.

| ചോദ്യം. | മറുപടി |
| --- | --- |
| ശ്രീ.സി.കെ.പി.പത്മനാഭൻ.<br>ശ്രീ.എം.ചന്ദ്രൻ.<br>ശ്രീ.സാജുപോൾ.<br>ശ്രീ.പി.വിശ്വൻ. | ശ്രീ. മുല്ലക്കര രത്നാകരൻ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കൃഷി ഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) കർഷക സംഘങ്ങൾ, കർഷക അദാലത്തുകൾ, അഗ്രോ ക്ലിനിക്കുകൾ, കർഷകർക്കായുള്ള ടോൾ ഫ്രീ നമ്പർ എന്നീ പ്രവർത്തനങ്ങൾ കൃഷിഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. കൃഷിഭവന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയ വൽക്കരിക്കുന്നതിന്റെ ഭാഗമായി കാർഷികഉപദേശകസമിതികൾ പുന:സംഘ ടിപ്പിച്ച് അവ മുടങ്ങാതെ കൂടുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. കാർഷികവിജ്ഞാന വ്യാപനത്തിനായി ഓരോ വാർഡുതോറും നടത്തിവരുന്ന അഗ്രോ ക്ലിനിക്കുകളിൽ പദ്ധതി വിശദീകരണവും പ്രശ്ന പരിഹാര മാർ ഗ്ഗങ്ങളുമാണ് പ്രധാനമായി ചർച്ച ചെയ്യപ്പെടുക. അഗ്രോ ക്ളിനിക്കുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തും. കർഷകർക്കായുള്ള ടോൾ ഫ്രീ ടെലഫോൺ നമ്പർ മുഖേന കർഷകർക്ക് നേരിട്ട് കൃഷി മന്ത്രിയോട്സംസാരിക്കുവാനും, കൃഷിഭവൻ തലം മുതലുള്ള എല്ലാ പ്രശ്നങ്ങൾ അവതരിപ്പിക്കുവാനും കഴിയുന്ന സാഹചര്യം ഇപ്പോൾ തന്നെ ഒരുക്കിയിട്ടുണ്ട്. |
| (ബി)ഇപ്പോൾകൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം ആണ് ; | (ബി) 2008- 2009 ൽ കൃഷിഭവൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (സി) കാർഷിക രംഗത്ത് സർക്കാർ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽകൃഷിഭവനുകളെ സജ്ജമാക്കാനായി ഇവയെ പുന.സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി)നടപടിസ്വീകരിക്കും. കൃഷിഭവന്റെയും വകുപ്പിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാനും, കാലോചിതമായ മാററങ്ങൾ വരുത്തുന്നതിനും വകുപ്പ് തല പുനഃസംഘടന സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം - I

### കൃഷി ഭവൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ (സംസ്ഥാന പദ്ധതികൾ)

| ക്രമ നം | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷം) |
|---|---|---|
| 1 | ഗ്രൂപ്പ് ഫാമിംഗ് നെൽകൃഷി പ്രോത്സാഹിപ്പിക്കൽ | 2000.00 |
| 2 | സമഗ്ര തെങ്ങുകൃഷി വികസനം | 1500.00 |
| 3 | ഫാമുകൾ വഴി നടീൽ വസ്തുക്കളുടെ ഉല്പാദനം | 125.00 |
| 4 | സമഗ്ര കീടനിയന്ത്രണ പരിപാടി | 50.00 |
| 5 | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | 155.00 |
| 6 | കർഷക ക്ഷേമ പദ്ധതി | 100.00 |
| 7 | വിള പരിരക്ഷ | 100.00 |
| 8 | വിള പരിരക്ഷ - തെങ്ങിന് | 100.00 |
| 9 | കാർഷിക യന്ത്രവല്ക്കരണം | 50.00 |
| 10 | അഗ്രോ സർവീസ് സെന്ററുകളുടെ പ്രവർത്തനം | 20.00 |
| 11 | കേന്ദ്രത്തിന്റെ അധിക സഹായത്തോടെയുള്ള നൂതന കാർഷിക യന്ത്രവല്ക്കരണം | 100.00 |
| 12 | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പ്രവർത്തനം | 200.00 |
| 13 | പച്ചക്കറി വികസനം | 60.00 |
| 14 | പ്രകൃതി ക്ഷോഭം നേരിടുന്നതിനുള്ള പദ്ധതി | 20.00 |
| 15 | വിവര സാങ്കേതിക വിദ്യ ഉപയുക്തമാക്കാൻ പദ്ധതി | 15.00 |
| 16 | കുട്ടനാടൻ തണ്ണീർ തട ജൈവ ആവാസ വ്യവസ്ഥ വികസന പരിപാടികൾ | 50.00 |
| 17 | ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പദ്ധതികൾ | 500.00 |
| 18 | മാനവശേഷി പരിപാലനം | 15.00 |
| 19 | കാർഷിക മേഖലയിലെ നൂതന യന്ത്രവത്ക്കരണം | 300.00 |
| 20 | വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിലിടപെടൽ പദ്ധതി | 350.00 |
| 21 | കാർഷിക വിളവുകളുടെ തരം തിരിക്കൽ പദ്ധതി | 10.00 |
| 22 | വിപണി വിപുലീകരണം | 510.00 |
| 23 | ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ | 200.00 |

# അനുബന്ധം - II

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ക്രമ നം | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷം) |
|---|---|---|
| 1 | സങ്കര തെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും | 20.00 |
| 2 | പ്രാദേശിക തെങ്ങിൻ തൈ നഴ്സറികൾ | 75 00 |
| 3 | എണ്ണക്കുരു, പയർ, എണ്ണപ്പന എന്നിവയുടെ സമഗ്രവികസനം | 10.00 |
| 4 | ജൈവകൃഷിക്കുള്ള ദേശീയ പദ്ധതി | 10.00 |
| 5 | നാളികേര ബോർഡ് പരിപാടി-ചെറുകിട തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക | 2500.00 |
| 6 | അഗ്രിസ്നെറ്റ് | 0.01 |
| 7 | കാർഷിക യന്ത്രവൽക്കരണം | 10.00 |
| 8 | രാഷ്ട്രീയ കൃഷിവികാസ് യോജന | 2510.00 |
| 9 | കർഷകർക്കുള്ള കൗൺസിലിംഗ് | 50.00 |
| 10 | ദേശീയ ബയോഗ്യാസ് പദ്ധതി | 100.00 |
| 11 | നെല്ല് വികസനം | 1250.00 |
| 12 | കാർഷിക മേഖലയിൽ വനിത പങ്കാളിത്തം | 50.00 |
| 13 | ചെറുകിട യന്ത്രവൽക്കരണം | 300.00 |
| 14 | ദേശീയ നീർത്തടാധിഷ്ഠിത വികസനം | 1000.00 |
| 15 | വളങ്ങളുടെ സന്തുലനവും സംയോജിതവുമായ ഉപയോഗം | 200.00 |
| 16 | കാർഷിക വ്യാപന പരിപാടിക്ക് സഹായം | 500.00 |
| 17 | സൂക്ഷ്മതല ജലസേചനം | 200.00 |

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 635 | 23/7/2008-ൽ മറുപടിക്ക്

## കാർഷിക കർമ്മ സേനാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ് മേഴ്സിയർ<br>ശ്രീ. എം. മുരളി<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ജി. കാർത്തികേയൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) കൃഷി വകുപ്പിന്റെ കീഴിൽ കാർഷിക കർമ്മസേനാ പദ്ധതിയിലൂടെ എന്തൊക്കെ പുതിയ പരിപാടികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?<br>(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം തേടിയിട്ടുണ്ടോ ? | (എ) യും (ബി) യും<br>സംസ്ഥാന സർക്കാർ ലക്ഷം യുവജന തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായവരേയും. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളേയും ഭക്ഷ്യസുരക്ഷാ പരിപാടിയുമായി ബന്ധപ്പെടുത്തി കൊണ്ട് ഭക്ഷ്യോല്പാദനവർദ്ധന ലക്ഷ്യം വെച്ച് കൊണ്ടുള്ള ഒരു കർമ്മപരിപാടി ആവിഷ്കരിച്ചു വരികയാണ്. ഈ കർമ്മപരിപാടി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, തദ്ദേശസ്വയംഭരണം, ജലസേചനം, സഹകരണം, വൈദ്യുതി തുടങ്ങിയ ഭക്ഷ്യോല്പാദനമേഖലയിൽ പങ്കാളിത്തം വഹിക്കേണ്ട വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പിൽ വരുത്താനും. തരിശു കിടക്കുന്ന പ്രദേശങ്ങൾ കൃഷി ചെയ്യാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) ഇതിന്റെ ആദ്യഘട്ടം എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?<br>(ഡി) ഇത് എത്ര വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ? | (സി) യും (ഡി) യും<br>സംസ്ഥാനത്താകമാനം നടപ്പാക്കുന്ന ഈ പരിപാടി രൂപീകരണഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :637 23.07.2008ൽ മറുപടിക്ക്

വോൾട്ടേജ് ഇംപ്രൂവ്മെന്റിന് സ്വീകരിച്ച നടപടികൾ

| ചോദ്യം. | ഉത്തരം |
| --- | --- |
| ശ്രീ.സി.എം.ദിനേശ് മണി :<br>ശ്രീ.വി.ശിവൻകുട്ടി :<br>ശ്രീ.എ.പ്രദീപ്കുമാർ :<br>ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.പി.ജയരാജൻ : | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ഇംപ്രൂവ്മെന്റിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി നാളിതുവരെ 37 സബ്സ്റ്റേഷനുകളും (പുതിയതും അപ്ഗ്രഡേഷനും ഉൾപ്പെടെ) അനുബന്ധ ലൈനുകളും സ്ഥാപിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം - 1 ആയിചേർക്കുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം 66 സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പൂർത്തികരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട് (അനുബന്ധം - II). ഇതുകൂടാതെ, വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി പുതിയ 11 കെ.വി.ലൈനുകൾ നിർമ്മിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക, എൽ.റ്റി.ലൈനുകൾ നിർമ്മിക്കുക, എൽ.റ്റി.സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനാക്കി മാറ്റുക, നിലവിലുള്ള കമ്പിയുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവൃത്തികളും ചെയ്തു വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള എല്ലാ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളും നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ 150 വോൾട്ടിൽ താഴെ വോൾട്ടേജ് ഉള്ള സ്ഥലങ്ങളിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ പ്രത്യേക മുൻഗണന നൽകി പൂർത്തീകരിക്കുന്നതിന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. കൂടാതെ സാധനസാമഗ്രികളുടെ ലഭ്യതക്കുറവു |

മൂലമോ മറ്റേതെങ്കിലും കാരണവശാലോ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി വോൾട്ടേജ് ഇംപ്രൂവ്മെന്റ് /സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതിയിൽപ്പെടുന്ന വിവിധ പ്രവൃത്തികളെ വിവിധ കാറ്റഗറികളായി തരം തിരിച്ച് പ്രത്യേക മുൻഗണനാടിസ്ഥാനത്തിൽ ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനും ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ നഷ്ടം കുറയ്ക്കുന്നതിനും വേണ്ടി 2008 - 2009 ലേയ്ക്ക് പുതിയ വാർഷിക പദ്ധതി തയ്യാറാക്കുകയും പദ്ധതി നടപ്പിലാക്കി വരികയുമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷംവിവിധ പദ്ധതികളിലായി 3975 കി.മീ. 11 കെ.വി.ലൈൻ നിർമ്മിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട് ;

(ബി) 5158 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഈ വർഷം എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) ഈ സാമ്പത്തിക വർഷം 9080 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) കോഴിക്കോട്,കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ നടപ്പിലാക്കുന്ന സിറ്റി ആട്ടോമേഷൻ സ്കീമിന്റെ വിശദാംശവും പുരോഗതിയും ലഭ്യമാക്കുമോ ?

(ഡി) തിരുവനന്തപുരം,കൊച്ചി, കോഴിക്കോട് എന്നീ നഗരപ്രദേശങ്ങളിൽ ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതിയിൻ **(APDRP)** കീഴിൽ ഡിസ്ട്രിബ്യൂഷൻ ആട്ടോമേഷൻ പദ്ധതി പ്രകാരം ട്രാൻസ്ഫോമറുകളും 11 **KV** ഭൂഗർഭ കേബിളുകളും സ്ഥാപിച്ച് വൈദ്യുതി വിതരണം കുറ്റമറ്റതാക്കുവാനുള്ള പ്രവൃത്തികൾ നടപ്പിലാക്കുവാൻ സംസ്ഥാന വൈദ്യുതി ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിലേക്കായി കേന്ദ്ര സർക്കാർ 373.56 കോടി രൂപയ്ക്കുള്ള പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടിട്ടുള്ളത്.

മേൽ വിവരിച്ച പ്രവൃത്തികൾക്കുവേണ്ടി ടേൺകീ വ്യവസ്ഥയിൽ ടെൻഡർ ക്ഷണിക്കുകയും ഏറ്റവും തുക കുറച്ച് ക്വോട്ട് ചെയ്ത **'M/S Ircon'**, **New Delhi** എന്ന കമ്പനിയെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ പ്രവൃ

ത്തികൾ ചെയ്യുന്നതിന് ചുമതലപ്പെടുത്തുകയും കോഴിക്കോട് നഗരത്തിലെ പ്രവൃത്തികൾക്കായി ബാംഗ്ലൂരുള്ള M/s ABB - യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തും കൊച്ചിയിലും ഉള്ള പ്രവൃത്തികൾ 2009 ഒക്ടോബർ മാസവും കോഴിക്കോടുള്ള പ്രവൃത്തികൾ 2008 ഡിസംബർ മാസവും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പതിമൂന്നാം കേരള നിയമസഭ
## 8-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 538    23-07-2008-ൽ മറുപടിക്ക്

## ട്രാഫിക് പോലീസ് വിഭാഗത്തിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശികുമാർ<br>,, കെ. കെ. ദിവാകരൻ<br>,, കെ. വി. അബ്ദുൾ ഖാദർ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, എം. ജെ. ജേക്കബ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ട്രാഫിക് പോലീസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) ട്രാഫിക് പോലീസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ പോലീസുകാർക്കും പൊതുജനങ്ങൾക്കും നടത്തിവരുന്നു. നഗരങ്ങളിലെ പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ച് വാഹനത്തിരക്കുള്ള റോഡുകളിൽ വൺവേ സമ്പ്രദായം ഏർപ്പെടുത്തിയും, ട്രാഫിക് ജോലിയിൽ ഏർപ്പെട്ടിട്ടുള്ള പോലീസുദ്യോഗസ്ഥർക്ക് രാത്രികാല ഉപയോഗത്തിനായി ഇലക്ട്രോണിക് ബാറ്റൺ, റിഫ്ളക്ടീവ് ജാക്കറ്റുകൾ, റിഫ്ളക്ടീവ് കിറ്റുകൾ മുതലായവ ലഭ്യമാക്കിയിട്ടുണ്ട്. ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഇലക്ട്രോണിക് സിഗ്നൽ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതും, ഗതാഗത നിയന്ത്രണത്തിന് സ്പീഡ് ബ്രേക്കറുകൾ സൈൻബോർഡുകൾ എന്നിവയും, സ്ഥാപിച്ചിട്ടുള്ളതുമാണ്. കൂടാതെ ആധുനിക ഉപകരണങ്ങൾ വാങ്ങി നല്കിയിട്ടുമുണ്ട്. |

| | | |
|---|---|---|
| (ബി) | ട്രാഫിക് പോലീസുകാർക്ക് പരിശീലനം നൽകുന്നതിന് പ്രത്യേക സംവിധാനമുണ്ടോ; | (ബി) ഉണ്ട്. പോലീസുകാർക്ക് അവരുടെ പരിശീലന കാലയളവിൽ തന്നെ ട്രാഫിക് നിയന്ത്രണത്തിലും കൂടി പരിശീലനം നൽകുന്നുണ്ട്. ഇതിനുപുറമേ ട്രാഫിക് പോലീസുകാർക്ക് റിഫ്രഷർ കോഴ്സുകളും, പരേഡ് ദിനങ്ങളിൽ ട്രാഫിക് സംബന്ധമായ പരിശീലനവും നല്കിവരുന്നു. |
| (സി) | മെച്ചപ്പെട്ട സേവനം കാഴ്ചവയ്ക്കുന്ന ട്രാഫിക് പോലീസുകാർക്ക് പ്രോത്സാഹനം നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) പ്രോത്സാഹനമായി റിവാർഡുകൾ നല്കിവരുന്നുണ്ട്. |
| (ഡി) | പാലക്കാട് ട്രാഫിക് പോലീസ് സ്റ്റേഷന് അന്തർദേശീയ അംഗീകാരം ലഭിച്ചത് എന്തെല്ലാം സംഗതികൾ പരിഗണിച്ചാണെന്ന് അറിയിക്കുമോ ? | (ഡി) പാലക്കാട് ട്രാഫിക് പോലീസ് സ്റ്റേഷന് അന്തർദേശീയ അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷന് ഏഷ്യയിലെ രണ്ടാമത്തെ Best Police Station ആയി അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 639 23.07.2008ൽ മറുപടിക്ക്

വൈദ്യുതി പ്രസരണ മേഖല ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്. സലീഖ :<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ :<br>ശ്രീ.രാജു എബ്രഹാം :<br>ശ്രീ.ആർ.സെൽവരാജ് :<br>ശ്രീ.എ.എം.യൂസഫ് : | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | (എ) | പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ സബ്സ്റ്റേഷനുകൾ നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക, സബ്സ്റ്റേഷനുകൾ അപ്ഗ്രേഡ് ചെയ്യുക, കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കുക, നിലവിലുള്ള ലൈനുകളുടെ റീകണ്ടക്ടറിംഗ് മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |
| (ബി) | എത്ര പുതിയ സബ്സ്റ്റേഷനുകൾ കഴിഞ്ഞ രണ്ടുവർഷത്തിനകം കമ്മീഷൻ ചെയ്തിട്ടുണ്ട് ; | (ബി) | കഴിഞ്ഞ രണ്ടു വർഷത്തിനകം നാളിതുവരെ 37 പുതിയ സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| (സി) | ഈ വർഷം പ്രസരണമേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; എത്ര കോടി രൂപയാണ് ഇതിനുവേണ്ടി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് ; | (സി) | പ്രസരണ മേഖലയിൽ ഈ വർഷം 66 (അറുപത്തിയാറ്) പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ നിലവിലുള്ള സബ്സ്റ്റേഷനുകളിൽ കപ്പാസിറ്റി വർദ്ധിപ്പിക്കുക ലൈൻ ശേഷി വർദ്ധിപ്പിക്കുക എന്നീ നടപടികളും നടന്നു വരുന്നുണ്ട്.<br>പ്രസരണ രംഗം ശക്തിപ്പെടുത്തുന്നതിനായി ഈ വർഷം 641.14 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കഞ്ചിക്കോട്ട് വ്യവസായ വികസനം ലക്ഷ്യമാക്കി പുതിയ സബ്സ്റ്റേഷൻ പണിയുന്നതിനുള്ള നടപടികൾ എത്രത്തോളമായിട്ടുണ്ട് ? | (ഡി) | കഞ്ചിക്കോട്ട് വ്യവസായ വികസനം ലക്ഷ്യമാക്കി വാളയാറിൽ 20 MVA ശേഷിയുള്ള ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം എടുക്കുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ പാലക്കാട് ജില്ലയിൽ 400 കെ.വി. സബ് സ്റ്റേഷൻ പണിയുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനായി സ്ഥലം എടുക്കുന്നതിലേക്കായി പവർ ഗ്രിഡ് കോർപ്പറേഷനിലെ ഉന്നത ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ചു കൊണ്ടിരിക്കുന്നുണ്ട്. |

K. Meera Rani

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 640 — 23.07.2008 ൽ മറുപടിയ്ക്ക്

പാരമ്പര്യേതര വൈദ്യുതി ഉല്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. കെ. അജിത്<br>ശ്രീമതി ഇ.എസ്. ബിജി മോൾ | ശ്രീ. എ.കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം രീതിയിലുള്ള വൈദ്യുതി ഉല്പാദനമാണ് നടക്കുന്നത്; | (എ) ജലവൈദ്യുത പദ്ധതികൾ, താപവൈദ്യുത പദ്ധതികൾ, കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ തുടങ്ങിയവയിൽ നിന്നുമാണ് ഇപ്പോൾ സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം നടക്കുന്നത്. |
| (ബി) കശുവണ്ടിത്തോടിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) സർക്കാർ തലത്തിൽ കശുവണ്ടിത്തോടിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ ഒന്നും തന്നെ ഇപ്പോൾ ഇല്ല. |
| (സി) ചിരട്ട, ഉമി എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പരിശ്രമം തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പരിശ്രമം എത്രവരെ വിജയിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (സി) ചിരട്ട, ഉമി എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പരിശ്രമം സർക്കാർ തലത്തിൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതിയുടെ ഭാഗമായി തുടങ്ങിയിട്ടുണ്ട്. ഇത്തരം പ്രോജക്ടുകൾക്ക് താല്പര്യമുള്ള ഗുണഭോക്തൃ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| (ഡി) ജലവൈദ്യുത പദ്ധതികൾ എന്നതിലുപരി മറ്റു മാർഗ്ഗങ്ങളിലൂടെയുള്ള വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) ഉണ്ട്. കാറ്റാടിപ്പാടങ്ങൾ സ്ഥാപിച്ചും, ജൈവദ്രവ്യ ഗ്യാസിഫയറുകൾ ഉപയോഗിച്ചും വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 641 23.07.2008ൽ മറുപടിക്ക്

## ലോഡ്ഷെഡ്ഡിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹിദ് ;<br>ശ്രീ.കെ.സി.വേണുഗോപാൽ ;<br>ശ്രീ.കെ.ബാബു ; | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മണിക്കൂർ വീതമാണ് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയിരിക്കുന്നത്;

(എ) സംസ്ഥാനത്ത് വൈകുന്നേരം 6.30നും രാത്രി10.00 മണിക്കും ഇടയിൽ അരമണിക്കൂർ വീതം ലോഡ്ഷെഡ്ഡിംഗ് 27-06-2008 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ലോഡ് ഷെഡിംഗിന്റെ സമയം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) പരിഗണനയിലില്ല.

(സി) ഇതിനുപുറമെ പവർ കട്ട് ഏർപ്പെടുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇല്ല.

(ഡി) എങ്കിൽ ഗാർഹികഉപഭോക്താക്കൾക്കും ഹൈടെൻഷൻ ഉപഭോക്താക്കൾക്കും എത്ര മണിക്കൂർ വീതമാണ് പവർകട്ട് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പവർക്കട്ടിനു നിർദ്ദേശമില്ല. എന്നാൽ വൈദ്യുതി ബോർഡിന് വൈദ്യുതി പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഉണ്ടായിട്ടുള്ള അധിക സാമ്പത്തിക ബാധ്യത താങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ എച്ച്.ടി/ ഇ.എച്ച്.ടി ഉപഭോക്താക്കൾക്ക് നിലവിലുള്ള താരീഫിൽ 75% വൈദ്യുതി നൽകാമെന്നും അതിനപ്പുറമുള്ള ഉപഭോഗത്തിന് ബോർഡ് അധികമായി വാങ്ങുന്ന വൈദ്യുതിയുടെ നിരക്ക് ഈടാക്കാൻ അനുവദിക്കണമെന്നും വൈദ്യുതി ബോർഡ് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന് പെറ്റീഷൻ നൽകിയിട്ടുണ്ട്. പൊതു തെളിവെടുപ്പിന്റെ കൂടി അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ

റഗുലേറ്ററി കമ്മീഷൻ തീരുമാന മെടുക്കേണ്ടതുണ്ട്.

| | | | |
|---|---|---|---|
| (ഇ) | പദ്ധതി പ്രദേശങ്ങളിൽ കൃത്രിമ മഴ പെയ്യിച്ച് ജലസംഭരണികളിൽ വെള്ളം ലഭ്യമാക്കി വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (ഇ) & (എഫ്) | ഇല്ല. |
| (എഫ്) | ഇതുസംബന്ധിച്ച് എന്തെങ്കിലും സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോയെന്നും വിശദമാക്കുമോ ? | | |

K Meera Rani

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 642</u>      <u>23/7/2008-ൽ മറുപടിക്ക്</u>

## <u>പൈനാപ്പിൾ കൃഷി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**<br>**ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി** | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പൈനാപ്പിൾ കൃഷി വികസിപ്പിക്കുന്നതിനായി പദ്ധതിയുണ്ടോ ; | (എ) ഉണ്ട്. 2008-09 സാമ്പത്തിക വർഷം സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന 4000 ഹെക്ടർ സ്ഥലത്ത് പുതിയതായി പൈനാപ്പിൾ കൃഷി നടപ്പാക്കുന്നതിന് പദ്ധതിയുണ്ട്. |
| (ബി) ഇതിനായി ഏതെല്ലാം സ്ഥലങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; | (ബി) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ പ്രത്യേക പ്രദേശങ്ങളെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) പദ്ധതി ലാഭകരമാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ കൂടുതൽ സ്ഥലങ്ങളിൽ പൈനാപ്പിൾ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) അടുത്ത സാമ്പത്തിക വർഷം ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ അംഗീകാരത്തോടു കൂടി കൂടുതൽ സ്ഥലങ്ങളിൽ പൈനാപ്പിൾ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.643 — 23.07.2008 ൽ മറുപടിയ്ക്ക്

## ഹോർട്ടികൾച്ചറൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ.അരുന്ധതി:<br>ശ്രീ.സി.കെ.സദാശിവൻ:<br>ശ്രീ.കെ.ടി.ജലീൽ :<br>ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീ.രാജു എബ്രഹാം: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം എന്തെല്ലാമാണ്; | (എ) ഉൽപാദകരിൽ നിന്നും ന്യായവിലയ്ക്ക് പഴവർഗ്ഗങ്ങളും പച്ചക്കറികളും സംഭരിച്ച് സ്വന്തം സ്റ്റാളുകൾ വഴിയും ലൈസൻസികൾ വഴിയും മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നു. തേനീച്ച വളർത്തലിൽ സൗജന്യ പരിശീലനം നൽകുകയും തേനീച്ച വളർത്തലിനു വേണ്ട ഉപകരണങ്ങൾ, തേനീച്ച ഇവ വിതരണം നടത്തുകയും ചെയ്യുന്നു. സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരം കൃഷിഭവൻ വഴി കർഷകർക്ക് വിത്തുകളും നടീൽ വസ്തുക്കളും വിതരണം നടത്തുന്നു. |
| ബി) പച്ചക്കറിയുടെ അമിത വില തടയുന്നതിന് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ബി) പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുമ്പോഴും ഉത്സവകാലങ്ങളിലും മറ്റും വില നിയന്ത്രിക്കുന്നതിനായി കോർപ്പറേഷൻ വിപണി ഇടപെടൽ നടത്താറുണ്ട്. കർഷകരിൽ നിന്നും കർഷക സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികൾ കമ്പോളവിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഉപഭോക്താവിന് എത്തിക്കുന്നു. സ്വന്തം സ്റ്റാളുകൾ വഴിയുള്ള വിപണന മേഖല വ്യാപിപ്പിച്ചതിനാൽ കമ്പോളങ്ങളിൽ ഒരു സ്ഥിര സാന്നിദ്ധ്യം ഉണ്ടാക്കുവാനും വില നിയന്ത്രിക്കുവാനും കഴിയുന്നു. കൂടാതെ കോർപ്പറേഷൻ സ്വന്തമായി കൃഷി ചെയ്യുന്ന ഉൽപ്പന്നങ്ങളും കുറഞ്ഞ വിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുന്നു. 2008 ഏപ്രിൽ മാസത്തിൽ പച്ചക്കറികളുടെ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ |

.........2

സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി സംയോജിച്ചും ഹരിതാ സ്റ്റാളുകളിലൂടെയും 20 മുതൽ 30 ശതമാനം വരെ വിലകുറച്ച് വിപണനം നടത്തുകയും, കഴിഞ്ഞ ഓണക്കാലത്ത് ഒരു ലക്ഷത്തിൽ അധികം ഓണപ്പച്ചക്കറി-പായസ കിറ്റുകൾ വിതരണം ചെയ്യുകയും, കഴിഞ്ഞ സാമ്പത്തിക വർഷം പച്ചക്കറിവില നിയന്ത്രിക്കുന്നതിനായി 9/- രൂപ നിരക്കിൽ 2,76,378 പച്ചക്കറി കിറ്റുകൾ വിതരണം നടത്തുകയും ചെയ്തു.

സി) പച്ചക്കറി കിറ്റ് വിതരണം ചെയ്യുന്ന പരിപാടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

സി) കമ്പോളത്തിൽ പച്ചക്കറിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് കോർപ്പറേഷൻ പച്ചക്കറി കിറ്റുകൾ വിതരണം ചെയ്യുന്നത്. ഇത്തരം സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ഡി) വിപണന കേന്ദ്രങ്ങൾ വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി പദ്ധതികൾ ആവിഷ്കരിക്കുമോ?

ഡി) ആവിഷ്കരിക്കും.

ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ സ്റ്റാളുകൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ സ്റ്റാളുകൾ പുതുതായി തുടങ്ങുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലൈസൻസ് കൊടുത്തുകൊണ്ട് വ്യക്തികൾ സ്റ്റാളുകൾ ആരംഭിക്കുന്നതിന് അവസരം നൽകും. വിപണനവും സംഭരണവും വിപുലപ്പെടുത്താൻ താലൂക്കടിസ്ഥാനത്തിലും സംഭരണവിതരണ കേന്ദ്രങ്ങൾ തുടങ്ങി വരുന്നു. സംസ്ഥാനത്തെ മൂന്ന് നഗരസഭാ ആസ്ഥാനങ്ങളിൽ പഴം പച്ചക്കറി വിപണനത്തിന് ഓരോ ഹൈപ്പർമാർക്കറ്റുകൾ തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. ഗുരുവായൂരിൽ ഒരു സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 644

23.7.2008 ൽ മറുപടിയ്ക്ക്

## പാഡി കോർ കമ്മിറ്റിയുടെ ശുപാർശകൾ

**ചോദ്യം**

ശ്രീ. കെ. പി. മോഹനൻ

(എ) നെൽകൃഷി ലാഭകരമാക്കുന്നത് സംബന്ധിച്ച് നിയമിച്ച പാഡി കോർ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

(എ) കമ്മിറ്റിയുടെ കരട് ശുപാർശകൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ നെല്ലുല്പാദനം ഇരട്ടിയാക്കുക
2. നെൽകൃഷിയുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലേയും വിദഗ്ദ്ധർ ഉൾപ്പെട്ട ഒരു 'മൾട്ടി ഡിസിപ്ലിനറി ടീം' രൂപീകരിക്കുക.
3. ഗ്രൂപ്പ് ഫാമിംഗ് സമിതികൾ രൂപീകരിക്കുക / പുന:സംഘടിപ്പിക്കുക, ഉല്പാദനത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ തിരിച്ചറിയുക, പരിഹാരം കണ്ടെത്തുക.
4. കൂടുതൽ ആനുകൂല്യം നൽകി പരമാവധി തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കുക.
5. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് 'കാർഷിക വിള കലണ്ടർ' പുന:ക്രമീകരിക്കുക.
6. വിത്തുല്പാദന പദ്ധതിക്ക് വ്യക്തമായ 'സീഡ് പ്ലാൻ' (സംസ്ഥാന തലത്തിൽ) തയ്യാറാക്കുക.

7. മണ്ണുപരിശോധനാ കാമ്പയിനുകൾ സംഘടിപ്പിക്കുക.
8. അഗ്രോ എഞ്ചിനീയറിംഗ് സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുക.
9. പഞ്ചായത്തു തലത്തിൽ ലേബർ ബാങ്കുകൾ സ്ഥാപിക്കുക
10. നെൽകൃഷി മേഖലയിൽ കൂടുതൽ കർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കുക.
11. നെൽകൃഷി മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളായ സിലിക്ക, ബ്രാൻ ഓയിൽ, ഒക്ടോസനോൾ എന്നിവയുടെ നിർമ്മാണത്തിനുള്ള സാങ്കേതിക വിദ്യ കർഷകനിൽ എത്തിക്കുക.
12. പ്രധാന നെൽകൃഷി മേഖലയിൽ ചെറുകിട സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക.

(ബി) പ്രസ്തുത ശുപാർശകൾ നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

(ബി) നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി കോർ ഗ്രൂപ്പിന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 645

23-07-2008-ലെ മറുപടിക്ക്

# കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ്, എം. എൽ. എ.<br>ശ്രീ. പി. വിശ്വൻ, എം. എൽ. എ.<br>ശ്രീ. പി. ടി. എ. റഹീം, എം. എൽ. എ.<br>ശ്രീ. എ. സി. മൊയ്തീൻ, എം. എൽ. എ.<br>ശ്രീമതി. കെ. കെ. ലതിക, എം. എൽ. എ. | ശ്രീ. എ. കെ. ബാലൻ<br>(ബഹു. പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ. വൈദ്യുതി വകുപ്പിൽ കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ ; | എ. വൈദ്യുതി ബോർഡിലെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി എച്ച്.റ്റി/ഇ.എച്ച്. റ്റി ഉപഭോക്താക്കളുടെ കമ്പ്യൂട്ടർ വൽകൃത ബില്ലിംഗ് 1999 ൽ ആരംഭിച്ചു. ഗ്ലോബൽ എനർജി കൺസർട്ടിംഗ് എഞ്ചിനീയേഴ്സ് നിർമ്മിച്ച POWER CIS എന്ന സോഫ്റ്റ് വെയറാണ് ഇതിന് ഉപയോഗിക്കുന്നത്.<br>എൽ.റ്റി. ബില്ലിംഗ് കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി ബോർഡിലെ ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്ത ഐ.ഡി.എസ്. ബില്ലിംഗ് സോഫ്റ്റ്വെയർ 8 സെക്ഷനുകളിൽ 2001 മുതൽ ഉപയോഗിച്ചു വരുന്നു. 2003 ൽ വൈദ്യുതി ബോർഡ് മൈക്രോസോഫ്റ്റ് എന്ന സ്ഥാപനത്തിൽ നിന്നും സോഫ്റ്റ് വെയർ ഉല്പന്നങ്ങൾ വാങ്ങാൻ തീരുമാനിച്ചതിന്റെ ഭാഗമായി `പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ' എന്ന കമ്പനി തയ്യാറാക്കിത്തന്ന സോഫ്റ്റ് വെയറിൽ ബോർഡിലെ ജീവനക്കാർ മാറ്റം വരുത്തി വികസിപ്പിച്ചെടുത്ത `ജ്യോതി' സോഫ്റ്റ് വെയർ 177 ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഉപയോഗിച്ചു വരുന്നു. 2006-2007 കാലയളവിൽ വൈദ്യുതി ബോർഡിലെ ജീവനക്കാർ സ്വതന്ത്ര സോഫ്റ്റ് വെയർ അടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്ത `ഒരുമ' സോഫ്റ്റ് വെയർ 15-07-2008 വരെ 236 സെക്ഷനുകളിൽ വിന്യസിച്ചു കഴിഞ്ഞു. `ഒരുമ' സോഫ്റ്റ് വെയർ ഫലപ്രദമായി പ്രവർത്തിക്കുന്നത് കണക്കിലെടുത്ത് ഐ.ഡി.എസ്., ജ്യോതി സോഫ്റ്റ്വെയർ ഉപയോഗിക്കുന്ന സെക്ഷനുകളിലും `ഒരുമ' വ്യാപിപ്പിക്കും. |

| | | | |
|---|---|---|---|
| ബി. | എല്ലാ സെക്ഷനുകളിലും കമ്പ്യൂട്ടർ ബില്ലിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാനാകും; ഇപ്പോൾ എത്ര സെക്ഷനുകളിൽ കമ്പ്യൂട്ടർ ബില്ലിംഗ് നടപ്പിലാക്കിയിട്ടുണ്ട്; | ബി. | ഉണ്ട്. സെപ്റ്റംബർ 2008-ഓടുകൂടി എല്ലാ സെക്ഷനാഫീസുകളിലേയും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്. ആകെയുള്ള 641 സെക്ഷനാഫീസുകളിൽ 421 എണ്ണത്തിൽ കമ്പ്യൂട്ടർ ബില്ലിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 236 സെക്ഷനുകളിലാണ് `ഒരുമ' സോഫ്റ്റ് വെയർ ഉള്ളത്. 641 സെക്ഷനുകളിലേക്കും ഒരുമ വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. |
| സി. | കമ്പ്യൂട്ടർ ബില്ലിംഗിനായി ഏത് സോഫ്റ്റ്‌വെയർ ആണ് ഉപയോഗിക്കുന്നത്; ഇത് തയ്യാറാക്കിയത് ആരാണ്; | സി. | കുത്തക സോഫ്റ്റുവെയറുകൾ ഒഴിവാക്കി സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി എല്ലാ സെക്ഷനുകളിലേക്കും `ഒരുമ' സോഫ്റ്റുവെയർ വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് വൈദ്യുതി ബോർഡിലെ ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്തതാണ്. |
| ഡി. | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കമ്പ്യൂട്ടർ ബില്ലിംഗ് സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന്റെ ചുമതല ആർക്കാണ് നൽകിയതെന്ന് അറിയിക്കുമോ ? | ഡി. | 2001-ൽ 8 സെക്ഷനുകളിൽ വിന്യസിച്ച `ഐ.ഡി.എസ്.' ബില്ലിംഗ് സോഫ്റ്റ്‌വെയർ 2000-2001 കാലത്ത് ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്തതാണ്. എന്നാൽ പിന്നീട് ഐ. ഡി. എസ്., ബില്ലിംഗ് സോഫ്റ്റ്‌വെയർ വ്യാപിപ്പിക്കേണ്ടതില്ലെന്നു തീരുമാനിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കമ്പ്യൂട്ടർ ബില്ലിംഗിനായി 177 സെക്ഷനുകളിൽ വിന്യസിച്ച `ജ്യോതി' സോഫ്റ്റ് വെയർ മൈക്രോസോഫ്റ്റ് എന്ന സ്ഥാപനത്തിൽ നിന്നും സോഫ്റ്റ്‌വെയർ ഉല്പന്നങ്ങൾ വാങ്ങാൻ തീരുമാനിച്ചതിന്റെ ഭാഗമായി `പ്രൈസ്‌വാട്ടർ ഹൗസ് കൂപ്പർ' എന്ന കമ്പനി തയ്യാറാക്കിത്തന്ന സോഫ്റ്റ് വെയറിൽ ബോർഡിലെ ജീവനക്കാർ മാറ്റം വരുത്തി തയ്യാറാക്കിയതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 646</u>      <u>23/7/2008-ൽ മറുപടിക്ക്</u>

## <u>കേരശ്രീ പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എൻ. രാജൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കേരശ്രീ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ ; | (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. കേരശ്രീ പദ്ധതി നടപ്പിലാക്കുക വഴി ശാസ്ത്രീയ പരിചരണ മുറകളിലൂടെ നാളികേര ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും ഉയർന്ന ഉൽപ്പാദനം നിലനിർത്തുകയും ചെയ്യുക.<br>2. മണ്ണിന്റെ ജൈവാംശ തോതുയർത്താൻ ശാസ്ത്രീയ ജലസേചനം സമയാനുസൃതമായ രോഗ കീട നിവാരണ പ്രവർത്തനങ്ങൾ ശാസ്ത്രീയ വളപ്രയോഗം, രോഗ പ്രതിരോധ ശേഷിയേറിയ തെങ്ങിൻതൈകളുടെ വ്യാപനം, ഇടവിള കൃഷിയുടെ പുനരുദ്ധാരണം തുടങ്ങിയ രീതികൾ സമന്വയിപ്പിക്കുക.<br>3. കൃഷി സ്ഥലത്തിന്റെ വൈവിധ്യങ്ങൾ കണക്കിലെടുത്ത് കൃഷി വകുപ്പിന്റെ സാങ്കേതിക ഉപദേശങ്ങൾക്ക് വിധേയമായി ശാസ്ത്രീയ കേര കൃഷി നടപ്പിലാക്കുക.<br>4. തെങ്ങിന് കേരളത്തിന്റെ കാർഷിക സമ്പദ്ഘടനയുടെ അടിസ്ഥാന വിള എന്ന നിലയിൽ പരിപാലനക്രമങ്ങൾ പ്രോത്സാഹിപ്പിച്ചും പച്ചക്കറികൾ, വാഴ, കൈതച്ചക്ക തുടങ്ങിയവയുടെ ഇടവിള കൃഷി തെങ്ങിൻ തോട്ടങ്ങളിൽ ഊർജ്ജിതമായി നടപ്പിലാക്കുന്നത് വഴി ഗ്രാമീണ കാർഷിക സമൃദ്ധി കൈവരിക്കുക.<br>5. കാർഷിക തൊഴിൽ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ഇതുവരെ എത്ര കേരശ്രീ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട് ; | (സി) | 724 കേരശ്രീ ഗ്രൂപ്പുകൾ 2007-08 വർഷം രൂപീകരിച്ചിട്ടുണ്ട്. 2008-09-ൽ പുതിയ 230 ഗ്രൂപ്പുകൾ രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ഡി) | നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | കേരളത്തിലെ കേര കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴ്ന്ന ഉല്പാദനക്ഷമതയും പലതരം രോഗകീടബാധകളുമാണ്. |

നാളികേരത്തിന്റെ ഉത്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സർക്കാർ വിവിധ കേരവികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. രോഗകീടബാധ നിയന്ത്രിച്ച് തെങ്ങുകളുടെ ചിട്ടയായ പരിപാലനത്തിനുവേണ്ടി കേര ക്ളസ്റ്റർ പദ്ധതി നാളികേര വികസന ബോർഡ് നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്ത് കേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരശ്രീ എന്ന സമഗ്ര പദ്ധതി 2007-08 മുതൽ നടപ്പിലാക്കി വരുന്നു. തെങ്ങിൻ തോട്ടങ്ങളിലെ മെച്ചപ്പെട്ട കാർഷിക പരിപാലനം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി, സമ്മിശ്ര കൃഷി, ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ജൈവവള വിത്തുകളുടെ വിതരണം, നല്ലയിനം തെങ്ങിൻ തൈകളുടെ നടീൽ എന്നിങ്ങനെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. വാർഡു തലത്തിൽ 25-50 ഹെക്ടർ സ്ഥലത്തായി കേരശ്രീ ഗ്രൂപ്പുകൾ രൂപീകരിച്ചാണ് കേര വികസന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നത്. ഒരു ഹെക്ടറിന് 5000 രൂപ ധനസഹായം നൽകി വരുന്നു.

2008-09 വർഷം കേരശ്രീ പദ്ധതി പ്രകാരം; കഴിഞ്ഞ വർഷം രൂപീകരിച്ചിട്ടുള്ള 724 കേര ഗ്രൂപ്പുകൾക്ക് ഈ വർഷവും വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നതിന് ഹെക്ടറിന് 5000 രൂപ ധനസഹായം അധിഷ്ഠണൽ ഫണ്ടായി നൽകുന്നതാണ്. ഇതിനായി 905 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ വർഷം 230 പുതിയ കേരശ്രീ ഗ്രൂപ്പുകൾ മേൽ പരാമർശിച്ച 6 ജില്ലകളിൽ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2008-09-ലെ പുതിയ കേര ശ്രീ ഗ്രൂപ്പുകൾക്കായി

287.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

തെങ്ങു കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 3091 ഹെക്ടർ സ്ഥലത്ത് പ്രദർശനതോട്ടങ്ങൾ സ്ഥാപിച്ചതിനുള്ള ഹെക്ടറിന് 17500 രൂപ ധന സഹായം 2008-09-ൽ കർഷകർക്ക് ലഭ്യമാക്കുന്നതാണ്. ഇത് 5.90925 കോടി രൂപയാണ്.

രൂക്ഷമായ കൂമ്പു ചീയൽ രോഗ ബാധയുള്ള കോഴിക്കോട് ജില്ലയിലെ വിത്ത് തേങ്ങ സംഭരണ പ്രദേശങ്ങളായ കുന്നുമ്മേൽ, തൂണേരി ബ്ളോക്കുകളെ രോഗ വിമുക്തമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 3.375 കോടി രൂപയുടെ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം തെങ്ങു കൃഷി വികസനത്തിനായി പദ്ധതി അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 274.25 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി നൽകിയിട്ടുണ്ട്.

നാളികേരത്തിന് ന്യായമായ വില ലഭിക്കാനായി പച്ചത്തേങ്ങ സംഭരണ പദ്ധതി 2007-08-ൽ നടപ്പാക്കി, കേരഫെഡ് നോഡൽ ഏജൻസിയായാണ് സംഭരണം നടത്തിയത്. കോഴിക്കോട്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ നിന്നും 346442 എണ്ണം നാളികേരം സംഭരിക്കുകയും നാളികേരത്തിന് 4 രൂപ 40 പൈസ നിരക്കിൽ 15.24 ലക്ഷം രൂപ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ വർഷം പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ കൂടി പച്ച നാളികേര സംഭരണം നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും ഇപ്പോൾ നിലനിൽക്കുന്ന മാർക്കറ്റ് വില സംഭരണ വിലയേക്കാൾ കൂടുതലാണെന്നതിനാൽ താങ്ങുവില സംഭരണത്തിന് പ്രസക്തിയില്ല.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:647    23-07-2008 ൽ മറുപടിയ്ക്ക്

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

**ചോദ്യം**

ശ്രീ. ജോസ് തെറ്റയിൽ
„ എം.വി. ശ്രേയാംസ് കുമാർ
„ എം.കെ. പ്രേംനാഥ്

**മറുപടി**

ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

എ) സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - **I** ആയി ചേർത്തിട്ടുണ്ട്. ഇതുകൂടാതെ 17 ഓളം വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിശദമായ ഇൻവെസ്റ്റിഗേഷൻ ജോലികൾ, കെ.എസ്.ഇ.ബി.യിൽ നടന്നു വരുന്നു. പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - **II** ആയി ചേർത്തിട്ടുണ്ട്. സ്വകാര്യ മേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഊർജ്ജ രംഗത്ത് ജനപങ്കാളിത്തത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ജില്ലാ പഞ്ചായത്തുകളെ പങ്കെടുപ്പിച്ചു കൊണ്ട് സംസ്ഥാനത്തുടനീളം സാധ്യമായ സ്ഥലങ്ങളിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സംയോജിതമായി ഉപയോഗപ്പെടുത്തുവാൻ സംസ്ഥാന തലത്തിൽ ഒരു സ്റ്റീയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ പത്തനംതിട്ട ജില്ലയിൽ 1994 മുതൽ മുടങ്ങിക്കിടന്ന 7 മെഗാവാട്ടിന്റെ . ഉല്ലുങ്കൽ പദ്ധതിയുടേയും 15 മെഗാവാട്ടിന്റെ കാരിക്കയം പദ്ധതിയുടേയും നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തുകയും 7 മെഗാവാട്ടിന്റെ ഉല്ലുങ്കൽ പദ്ധതി ഏകദേശം രണ്ടു മാസത്തിനകം കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

ബി) കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കുമോ?

ബി) സംസ്ഥാനത്ത് സാങ്കേതികമായും സാമ്പത്തികമായും സാധ്യമാകുന്ന എല്ലാ ചെറുകിട ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ

സബ്സിഡിയും കൂടാതെ UNFCCC യുടെ കാർബൺ ക്രെഡിറ്റും നേടാനുള്ള ശ്രമങ്ങളും നടന്നു വരുന്നുണ്ട്. സംസ്ഥാനത്ത് കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് പൊതുമേഖലയ്ക്കും സ്വകാര്യ സംരംഭകർക്കും പരമാവധി പ്രോത്സാഹനം നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സ്വകാര്യ മേഖലയിൽ ചെറുകിട ജലവൈദ്യത പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനോടകം 43.75 മെഗാവാട്ടിന്റെ 11 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് അലോട്ട് ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി., തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സ്വകാര്യ നിക്ഷേപകർ. തുടങ്ങിയവരിലൂടെ സാധ്യമായ ചെറുകിട ജല വൈദ്യുത സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടി പ്രവർത്തനങ്ങൾ നടന്നു വരുന്നു

ജില്ലാ പഞ്ചായത്തുകൾ മുഖേന ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സർക്കാർ എല്ലാവിധ പ്രോത്സാഹനവും നൽകി വരുന്നു. ലാഭകരമായി പഞ്ചായത്തുകൾക്ക് ഈ പദ്ധതികൾ നടത്തികൊണ്ടു പോകുന്നതിനായി Incentive Tariff കൊടുക്കുന്നതിന് സർക്കാർ വൈദ്യുത റെഗുലേറ്ററി കമ്മീഷന് പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ട്. 500 KW വരെയുള്ള ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് പദ്ധതി നിർമ്മിക്കാൻ പറ്റിയ പ്രദേശം സ്വന്തം വസ്തുവിലാണെങ്കിൽ അങ്ങനെയുള്ള സംരംഭകർക്ക് പ്രത്യേക അനുമതി നൽകി വരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 648

23.07.2008-ൽ മറുപടിയ്ക്ക്

കാർഷിക മേഖലയിൽ എക്കോ ലേബലിംഗ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.എഫ്. തോമസ്<br>പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ എക്കോ ലേബലിംഗ് സമ്പ്രദായം നടപ്പിലാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ലേബലിംഗ് ഇപ്പോൾ സ്വമേധയാതന്നെയോ അല്ലെങ്കിൽ പ്രത്യേക സംഘടനകളോ നൽകുന്ന രീതിയാണ് കണ്ടുവരുന്നത്. |
| ബി) എക്കോ-മാർക്കറ്റിംഗ് സമ്പ്രദായം വിപുലീകരിക്കുവാൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ ഭാഗത്തുണ്ടോ; | ബി) സർക്കാർ ഇത് സംബന്ധിച്ച് പഠിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഉത്പന്ന വിതരണ സമ്പ്രദായം വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | സി) സ്വീകരിക്കും. പരിസ്ഥിതി സൗഹൃദ ഉത്പന്ന വിതരണ സമ്പ്രദായം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ 1000 പഞ്ചായത്തുകളിൽ 'പച്ചക്കറി ഗ്രാമ പദ്ധതി' നടപ്പിലാക്കാനുള്ള നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത പരിപാടി വഴി പരിസ്ഥിതി സൗഹൃദ പച്ചക്കറികൾ ഉത്പാദിപ്പിക്കുവാനും ആരോഗ്യമുള്ള ഒരു സമൂഹത്തെ പടുത്തുയർത്തുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 649

23-7-2008-ൽ മറുപടിയ്ക്ക്

പുതിയ ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.കൃഷ്ണ പ്രസാദ് :<br>ശ്രീ.വി.എൻ.വാസവൻ :<br>ശ്രീ.കെ.സി.രാജഗോപാലൻ :<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു :<br>ശ്രീ.എ.എം.ആരിഫ് : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി നടപ്പാക്കിയ ടൂറിസം പദ്ധതികൾ ഏതെല്ലാമാണ്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പാക്കിയ ടൂറിസം പദ്ധതികളുടെ വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പുതുതായി എതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു; | (ബി) 1. തിരുവനന്തപുരം ജില്ല -നെടുമങ്ങാട് കോയിക്കൽ പാലസ്, ബീമാപള്ളി, ശാർക്കര ദേവീ ക്ഷേത്രം, വിളപ്പിൽ ശാല, ചിറയിൻകീഴ്.<br>2. കൊല്ലം ജില്ല - ജഡായു പാറ, പുനലൂർ<br>3. പത്തനംതിട്ട ജില്ല - വടശ്ശേരിക്കര, പെരുന്തേനരുവി, കടമ്മനിട്ട<br>4. ആലപ്പുഴ ജില്ല - കണിച്ചുകുളങ്ങര ക്ഷേത്രം, അർത്തുങ്കൽ പള്ളി, കക്കാഴം മോസ്ക്, അയ്യപ്പൻ പൊഴി.<br>5. കോട്ടയം ജില്ല - കോടിമതാ, പടയണി ഗ്രാമം, രാമപുരം.<br>6. ഇടുക്കി ജില്ല - അഞ്ചുരുളി, കുയിലിമല |

7 എറണാകുളം ജില്ല - കോടനാട്, കടമ്പ്രയാർ, ഏഴാറ്റുമുഖം പ്രകൃതി ഗ്രാമം, പറവൂർ, ചേന്ദമംഗലം

8. തൃശ്ശൂർ ജില്ല - വാഴാനി, പലയൂർ, പൂമാല ഡാം

9. മലപ്പുറം ജില്ല - കോട്ടക്കുന്ന്, വള്ളിക്കുന്ന്, ബീയ്യം കായൽ

10 വയനാട് ജില്ല - മേപ്പാടി

11. പാലക്കാട് ജില്ല - പോത്തുണ്ടി ഡാം

12. കോഴിക്കോട് ജില്ല - പൂയംകുട്ടി മല, സാൻറ് ബാങ്ക് വടകര, തളി, തുഷാരഗിരി, ബേപ്പൂർ.

13. കണ്ണൂർ ജില്ല - മട്ടന്നൂർ, പടന്നക്കര, കൂത്തുപറമ്പ

14. കാസറഗോഡ് ജില്ല - പെരിയ, താമ രക്കുളം, ഉദിയന്നൂർ

<u>ഇക്കോ ടൂറിസം കേന്ദ്രങ്ങൾ</u>

തിരുവനന്തപുരം ജില്ല - മങ്കയം, അരിപ്പ

കോട്ടയം ജില്ല - അഞ്ചുരുളി, ചെല്ലാർകോവിൽ

ഇടുക്കി ജില്ല - മറയൂർ, കുളമാവ്, വാൽപ്പാറ (മൂന്നാർ)

തൃശ്ശൂർ ജില്ല - തിരുവില്വാമല

പാലക്കാട് ജില്ല - ചൂലന്നൂർ

വയനാട് ജില്ല - മുത്തങ്ങ, ചേമ്പ്ര, സൂചിപ്പാറ, മീൻമുട്ടി, ബാണാസുര സാഗർ. തിരുനെല്ലി, പക്ഷിപാതാളം, കുറുവ, കമ്പമല.

കോഴിക്കോട് ജില്ല - ജാനകിക്കാട്

കാസർകോട് ജില്ല - റാണിപുരം

| | | | |
|---|---|---|---|
| (സി) | പ്രകൃതിയെ പരമാവധി സംരക്ഷിച്ചു കൊണ്ടുള്ള ടൂറിസം പദ്ധതികൾക്ക് മാത്രം അംഗീകാരം നൽകു ന്നതിന് ശ്രദ്ധിക്കുമോ ; | (സി) | ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ട്. |
| (ഡി) | ടൂറിസത്തിന്റെ പേരിൽ കായൽ തീരങ്ങളും കടൽതീ രങ്ങളും വൻകിടക്കാർ കയ്യേറുന്നതു തടയാൻ നട പടി സ്വീകരിക്കുമോ ; | (ഡി) | സംസ്ഥാന റവന്യു വകുപ്പും ആഭ്യന്തര വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളുമാണ് കായൽ തീരങ്ങളും കടൽതീരങ്ങളും വൻകിടക്കാർ കയ്യേറുന്നതു തടയുന്നതിനു ള്ള നടപടികൾ കൈക്കൊള്ളുന്നത്. |
| (ഇ) | അന്താരാഷ്ട്ര നിലവാരമു ള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ വിക സിപ്പിച്ചെടുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ഇ) | സ്വീകരിച്ചു വരുന്നു.<br>1. ബേക്കൽ ഹോട്ടൽ പ്രോജക്ട്<br>2. ആക്കുളത്തുള്ള ഇൻറർ നാഷണൽ കൺവെൻഷൻ സെൻറർ<br>3. സംസ്ഥാനത്തെ പ്രധാന ടൂറിസം ഡെസ്റ്റിനേഷൻ വികസനത്തിനായി കേന്ദ്ര ധന സഹായത്തോടെയുള്ള പദ്ധതികൾ തുടങ്ങിയവയാണ് ഇത്തരത്തിലുള്ള പദ്ധതികൾ. |

സെക്ഷൻ ഓഫീസർ

( [illegible] )

**പന്ത്രണ്ടാം കേരള നിയമ സഭ**

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം** 23.07.2008-ലെ മറുപടിക്ക്

**റ്റി.650**

**പരിസ്ഥിതി കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക കോടതി**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എം.വി.ശ്രേയാംസ് കുമാർ**<br>**ശ്രീ.കെ.പി.മോഹനൻ.** | **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**<br>**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി).** |
| (എ). പരിസ്ഥിതി സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ? | (എ). മലിനീകരണ നിയന്ത്രണ ബോർഡ് ശുപാർശ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) പരിസ്ഥിതി സംബന്ധിച്ച കേസുകൾക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ? | (ബി). സമഗ്രമായ പരിശോധനയും പഠനവും ഇക്കാര്യത്തിൽ ആവശ്യമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വിവിധ കോടതികളിൽ പരിസ്ഥിതി സംബന്ധിച്ച് നിലനിൽക്കുന്ന കേസുകളുടെ വിശദാംശങ്ങൾ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നിർദ്ദേശം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 651 — 23.07.2008-ൽ മറുപടിക്ക്

## ഐ. ടി. മേഖലയിലെ തൊഴിൽ ചൂഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. ജോസഫ് | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഐ. ടി മേഖലയിൽ പണിയെടുക്കുന്നവരെ ചൂഷണം ചെയ്യുന്നതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ജോലി സമയം സംബന്ധിച്ചും സേവന വ്യവസ്ഥകളെ സംബന്ധിച്ചും ഐ. ടി മേഖലയിൽ നിയമ വ്യവസ്ഥകൾ ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) ഈ തൊഴിൽ മേഖലയിലെ പ്രത്യേകത കണക്കിലെടുത്ത് ഈ രംഗത്തെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്ന കാര്യത്തിലും, ജോലിസ്ഥിരത, വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ എന്നിവ സംബന്ധിച്ചും വിവരങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ തൊഴിൽ വകുപ്പിലെ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ശ്രീ. എം.കെ.ബാലചന്ദ്രൻ നായരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 652 — 23-07-2008- ൽ മറുപടിയ്ക്ക്

**കാർഷിക ക്ലബ്ബുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. സി.എഫ്. തോമസ് :<br>പ്രൊഫ. എൻ. ജയരാജ് : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കാർഷിക ക്ലബ്ബുകൾക്ക് രൂപം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അവയുടെ പ്രവർത്തനം വിശദമാക്കാമോ ; | (എ) | കർഷകരെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൂട്ടു കൃഷിരീതിയിലൂടെ കൃഷി ചെലവ് കുറച്ച് കൊണ്ട് കൃഷി ലാഭകരമാക്കുന്നതിനുള്ള രീതി സംസ്ഥാനത്ത് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സംസ്ഥാനത്ത് സ്വാശ്രയ കർഷക സമിതികൾ ഉൾപ്പെടെ നിരവധി കാർഷിക ക്ലബ്ബുകൾ ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നുണ്ട്. കൃഷി വകുപ്പ് നേരിട്ട് കാർഷിക ക്ലബ്ബുകൾക്ക് രൂപം നൽകുന്നതിന് തീരുമാനിച്ചിട്ടില്ല. |
| ബി) യുവജനങ്ങളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുവാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ബി) | യുവജനങ്ങളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുവാൻ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്.<br><br>i) തൊഴിൽ രഹിതരായ പുതിയ തലമുറയ്ക്ക് നൂതന കാർഷിക വിദ്യയിലും, യന്ത്ര സാമഗ്രികളുടെ പ്രവർത്തനങ്ങളിലും വേണ്ടത്ര പരിശീലനം നൽകി കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിന് സംസ്ഥാന കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു അഗ്രി പോളിടെക്നിക് ആരംഭിക്കുന്നതാണ്.<br>ii) " ആയിരം ഗ്രാമങ്ങളിൽ സമഗ്ര ജൈവ പച്ചക്കറി വികസന പദ്ധതി" വഴി നടപ്പിലാക്കുന്ന ഘടകമായ "ആയിരം ജൈവ പച്ചക്കറി ഗ്രാമങ്ങളിൽ", യുവതലമുറയ്ക്ക് പ്രാമുഖ്യം നല്കുന്നുണ്ട്.<br>iii) തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളിലൂടെ യുവജനങ്ങളിൽ കാർഷിക അറിവ് വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br>iv) കർഷകരുടെ ക്ഷേമം മുൻ നിർത്തി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി ' കിസാൻ അഭിമാൻ' എന്ന ഒരു കർഷക ക്ഷേമനിധി രൂപീകരിക്കും.<br>v) വിവിധ പദ്ധതികളിൽ കൂടി ആനുകൂല്യങ്ങളും കർഷക അവാർഡും മറ്റും നൽകുകയും, വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ യുവതലമുറയ്ക്കായി സംഘടിപ്പിക്കുകയും ചെയ്യും. |

Sheba Rani P (signature)
സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 653 23.07.2008 ന് മറുപടിയ്ക്ക്

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാങ്കേതിക തൊഴിലുകളിൽ പരിശീലനം</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ :<br>ശ്രീ. എം. കെ. പുരുഷോത്തമൻ :<br>ശ്രീ ടി.വി. കുഞ്ഞുണ്ണി :<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ :<br>ശ്രീ. ബി. രാഘവൻ : | ശ്രീ. എ.കെ. ബാലൻ<br><br>പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി |
| (എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിനായുള്ള പദ്ധതികൾ നിലവിലുണ്ടോ, എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് അഫിലിയേഷനുള്ള 3 വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സർട്ടിഫിക്കറ്റ് നല്കുന്ന 2 KGTE ടൈലറിംഗ് കോഴ്സും, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സർട്ടിഫിക്കറ്റ് നല്കുന്ന 10 തയ്യൽ പരിശീലന കേന്ദ്രങ്ങളും, 3 കാർപ്പെന്ററി സ്ഥാപനങ്ങളും, ചൂരൽപണി, കൈത്തറി നെയ്ത്ത് എന്നിവയിൽ ഓരോന്നും, ഒരു ഉല്പാദന പരിശീലന കേന്ദ്രവും ഉൾപ്പെടെ 21 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) തയ്യൽ പരിശീലന കേന്ദ്രങ്ങളിലും മാതൃകാക്ഷേമ പരിശീലന കേന്ദ്രങ്ങളിലും പ്രതിവർഷം എത്ര കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട് ; | (ബി) തയ്യൽ പരിശീലന കേന്ദ്രങ്ങളിലും, മാതൃകാക്ഷേമ പരിശീലന കേന്ദ്രങ്ങളിലും പ്രതിവർഷം 254 കുട്ടികൾക്ക് പരിശീലനം നല്കുന്നുണ്ട്. |
| (സി) പരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോ ; | (സി) ഇല്ല.<br>കാസർഗോഡ്, കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിൽ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ല. കണ്ണൂർ ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഒരു സ്ഥാപനം പഠിതാക്കളുടെ അഭാവത്തിൽ നിർത്തലാക്കിയിരിക്കുകയാണ്. |

(തുടർച്ച......2-ാം പേജ്)

| | |
|---|---|
| (ഡി) ഫാഷൻ ട്രെന്റുകളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുമോ ? | (ഡി) അംഗീകൃത ഫാഷൻ ഡിസൈനിംഗ് ട്രെയിനിംഗ് സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിൽ അവസരം ലഭിക്കുന്നതിനായി കിൻഫ്രാ ഫ്യൂഷ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശ്ശേരി എന്നിവിടങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 654    23.07.2008ൽ മറുപടിക്ക്

ഹൈഡൽ ടൂറിസം

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ.വി.ജെ.തങ്കപ്പൻ :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ :<br>ശ്രീ.കെ.കെ.ദിവാകരൻ : | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ഹൈഡൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൈഡൽ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി ബൃഹത്തായ പദ്ധതികൾക്ക് തുടക്കമിട്ടു. ഇതിന്റെ ഭാഗമായി 01.09.2006ൽ ഹൈഡൽ ടൂറിസത്തിന്റെ പ്രചാരാർത്ഥമുള്ള വെബ്സൈറ്റിന്റെ ഉത്ഘാടനവും 24.09.2006ൽ മലബാർ ഹൈഡൽ ടൂറിസം സർക്യൂട്ടിന്റെ ഉത്ഘാടനം ബാണാസുര സാഗറിൽ വച്ചും 21.12.2006ൽ മീൻമുട്ടി ഹൈഡൽ ടൂറിസത്തിന്റെ ഉത്ഘാടനവും, 25.08.2007ൽ അതിരപ്പിള്ളി ഹൈഡൽ ടൂറിസം സർക്യൂട്ടിന്റെ ഉത്ഘാടനം പൊരിങ്ങൽ കുത്തിൽ വച്ചും നടത്തപ്പെട്ടു.<br>ഭാവി വിപുലീകരണത്തിന്റെ ഭാഗമായി വയനാട്ടിലെ ബാണാസുര സാഗർ ഹൈഡൽ മെഗാ ടൂറിസം കോംപ്ലക്സിന്റെയും മൂന്നാർ ഹൈഡൽ ടൂറിസം സർക്യൂട്ടിന്റെ വിപുലീകരണത്തിന്റെയും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി കഴിഞ്ഞു. ലോകോത്തര നിലവാരത്തിലുള്ള ടൂറിസം കേന്ദ്രങ്ങളായി മേല്പറഞ്ഞവയെ വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |
| (ബി) ജലവൈദ്യുത പ്രദേശങ്ങളിലെ അണക്കെട്ടുകളും ജലസംഭരണി | (ബി) ഉണ്ട്. ഓരോ പ്രദേശങ്ങളുടെയും തനതായ പ്രത്യേകതകളും |

| | | | |
|---|---|---|---|
| | കളും അവയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങളും ഇതിനായി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; | | അണക്കെട്ടുകളുടെയും ജലസംഭരണികളുടെയും അനുബന്ധ പ്രദേശങ്ങളുടെയും സുരക്ഷ, സാങ്കേതികത, പരിസ്ഥിതി മുതലായ ഘടകങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് അവയുടെ വിനോദ സഞ്ചാര സാധ്യതകളെക്കുറിച്ച് വിശദമായ പഠനം നടത്തിയാണ് ഹൈഡൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| (സി) | ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; | (സി) | കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ ബോർഡിന്റെ സുരക്ഷാ സാങ്കേതിക നിബന്ധനകൾക്ക് വിധേയമായി ടൂറിസം, വനം, പരിസ്ഥിതി, ജലസേചനം മുതലായ വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ സഹകരണത്തോടെയാണ് ഹൈഡൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കാറുള്ളത്. |
| (ഡി) | നിലവിലുള്ള ഹൈഡൽ ടൂറിസം സർക്യൂട്ടുകളിൽ പ്രതിവർഷം എത്ര ടൂറിസ്റ്റുകൾ എത്തുന്നുണ്ട് ; | (ഡി) | നിലവിലുള്ള ഹൈഡൽ ടൂറിസം കേന്ദ്രങ്ങളിലേക്ക് പ്രതിവർഷം ഏകദേശം 11 ലക്ഷം ടൂറിസ്റ്റുകൾ എത്തുന്നുണ്ട്. |
| (ഇ) | ഹൈഡൽ ടൂറിസം വികസിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ ? | (ഇ) | മാസ്റ്റർ പ്ലാൻ നടപ്പാക്കാനുള്ള മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 609 — 23/7/2006-ൽ മറുപടിക്ക്

## പട്ടിക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.കെ.പുരുഷോത്തമൻ:<br>" ബി.രാഘവൻ:<br>" ആനത്തലവട്ടം ആനന്ദൻ<br>" ബാബു എം.പാലിശ്ശേരി<br>" സി.കെ.പി. പത്മനാഭൻ | ശ്രീ. എ.കെ.ബാലൻ<br>( പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി.) |
| (എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടിക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണ്; | (എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന സ്വയം-തൊഴിൽ പദ്ധതികളായ ബെനിഫിഷറി ഓറിയന്റഡ് പദ്ധതി, പ്രൊവിഷണൽ സർവ്വീസ് പദ്ധതി, വിദേശ തൊഴിൽ വായ്പാ പദ്ധതി, പട്ടികജാതി വനിതകൾക്കുള്ള പെട്രോൾ ഓട്ടോ റിക്ഷാ വായ്പാ പദ്ധതി, സാമൂഹിക ക്ഷേമ പദ്ധതികളായ വിദ്യാഭ്യാസ വായ്പാ പദ്ധതി, വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതി, വിവാഹ വായ്പാ പദ്ധതി പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കംപ്യൂട്ടർ-വായ്പാ പദ്ധതി NSFDC പദ്ധതികളായ കർഷകത്തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി, മിനി വെഞ്ച്വർ പദ്ധതികൾ, വാഹന വായ്പാ പദ്ധതി (ത്രീ-വീൽ ഓട്ടോ, പിക് അപ് വാൻ), മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതി, മഹിളാ സമൃദ്ധിയോജന എന്നീ പദ്ധതികൾ പട്ടികവിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) പട്ടികജാതി കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി വാങ്ങുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; | (ബി) ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ (NSFDC) പുനർ വായ്പാ സഹായത്തോടെ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കായി കൃഷിഭൂമി വായ്പ പദ്ധതി |

(..2)

നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കുടുംബം ഒന്നിന് പരമാവധി 1,00,000/-രൂപ വരെ വായ്പയും 50,000/- രൂപ വരെ സബ്സിഡിയും എന്ന തോതിൽ പരമാവധി 1,50,000/- രൂപ വരെ അനുവദിക്കുന്നുണ്ട്. ടി തുക കൊണ്ട് ചുരുങ്ങിയത് 50 സെൻറ് കൃഷിക്ക് അനുയോജ്യമായതും വരുമാനദായക വുമായ ഭൂമി വാങ്ങിയിരിക്കണം. സബ്സിഡി കഴിച്ചുള്ള തുക 6% പലിശ നിരക്കിൽ തിരിച്ചടവു കാലാവധിക്കുള്ളിൽ തിരിച്ചടയ്ക്കേണ്ടതാണ്.

| | | | |
|---|---|---|---|
| (സി) | ഈ വർഷം എത്ര പേർക്ക് വായ്പ നൽകാനാണ് ഉദ്ദേശിക്കുന്നത്; | (സി) | ഈ വർഷം കോർപ്പറേഷൻ മൊത്തം 1834 കുടുംബങ്ങൾക്ക് വായ്പ നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | സ്വയംതൊഴിൽ ആരംഭിക്കുന്നതിന് പട്ടികവർഗ്ഗ വിഭാഗത്തിന് വായ്പ നൽകുന്നതിന് പദ്ധതി നിലവിലുണ്ടോ; എങ്കിൽ വായ്പ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്? | (ഡി) | ഉണ്ട്. സ്വയംതൊഴിൽ ആരംഭിക്കുന്നതിന് പട്ടികവർഗ്ഗ വിഭാഗത്തിന് വായ്പ നൽകുന്നതിന് പദ്ധതി നിലവിലുണ്ട്. ടി വായ്പ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ താഴെപ്പറയുന്ന പ്രകാരമാണ്.<br>1) അപേക്ഷകർ 18നും 45നും ഇടയിൽ പ്രായമുള്ളവരായിരിക്കണം.<br>2) കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 39,500/-രൂപയും നഗര പ്രദേശത്തുളവർക്ക് 54,500 രൂപയും കവിയാൻ പാടില്ല. |

3. വായ്പാ തുകയും പലിശയും
പരമാവധി 60 മാസ ഗഡുക്കളായി
തിരിച്ചടയ്ക്കണം.

4. വായ്പയ്ക്ക് കോർപ്പറേഷൻ നിഷ്-
ക്കർഷിക്കുന്ന ഉദ്യോഗസ്ഥ ജാമ്യം
അഥവാ വസ്തു ജാമ്യം നൽകേണ്ട-
താണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **656**

23-7-2008 ൽ മറുപടിയ്ക്ക്

## കിർത്താഡ്സിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. സി. കെ. സദാശിവൻ
ശ്രീ. ടി. പി. കുഞ്ഞുണ്ണി
ശ്രീ. കെ. വി. കുഞ്ഞിരാമൻ
ശ്രീ. കെ. പി കുഞ്ഞിരാമൻ

**മറുപടി**

ശ്രീ. എ. കെ. ബാലൻ
പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി

**എ).** കേരള പട്ടികജാതി- പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

**(എ).** സംസ്ഥാനത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിലെ പുരോഗതി, ജീവിതരീതി, ജീവിത പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് അടിസ്ഥാനപരമായി ഗവേഷണ പഠനങ്ങൾ നടത്തുക, വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, അവരുടെ വികസന പ്രവർത്തനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക, പട്ടിക ജാതി പട്ടികവർഗ്ഗ സമുദായങ്ങളെ ബോധവൽക്കരിക്കുക, പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതിനായി ഇതര വിഭാഗക്കാർ നടത്തുന്ന ജാതി മാറ്റ സമ്പ്രദായങ്ങൾ അന്വേഷിച്ച് റിപ്പോർട്ടു സമർപ്പിക്കുക, പുതുതായി ഒരു സമുദായത്തെ പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്/ഒഴിവാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുക, പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകൾ, നൃത്തങ്ങൾ, കരകൗശല വൈദഗ്ദ്ധ്യം തുടങ്ങിയവ പരിപോഷിപ്പിക്കുക, ഗോത്രസംസ്കാരം പ്രതിഫലിപ്പിക്കുന്ന മ്യൂസിയം ക്രമീകരിക്കുക എന്നിവയാണ് കിർത്താഡ്സിന്റെ പ്രവർത്തനങ്ങൾ.

**ബി).** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വ്യാജ സർട്ടിഫിക്കറ്റ് സമ്പാദിച്ച് അനർഹർ നേടിയെടുക്കുന്നതു തടയുന്നതുമായി ബന്ധപ്പെട്ട കിർത്താഡ്സ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

**ബി).** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വ്യാജ സർട്ടിഫിക്കറ്റ് സമ്പാദിച്ച് അനർഹർ നേടിയെടുക്കുന്നതു സംബന്ധിച്ച ആക്ഷേപത്തിന്മേൽ 1996 ലെ കേരള (പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതു ക്രമപ്പെടു

| | |
|---|---|
| | ത്തൽ ആക്ട് പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നുണ്ട്. ഫീൽഡ് സ്റ്റഡിക ളുടെയോ, നരവംശ ശാസ്ത്ര പഠനങ്ങളുടെയോ അടിസ്ഥാനത്തിൽ, ഒരു വ്യക്തിയോ, ഗ്രൂപ്പോ, വ്യാജസർട്ടിഫിക്കറ്റ് നേടി ജോലിയിൽ കയറി എന്ന് വ്യക്തമായാൽ നേരിട്ട് അന്വേഷണം നടത്തി റിപ്പോർട്ട് സൂക്ഷ്മ പരിശോധനാ കമ്മി റ്റിയ്ക്ക് നൽകുകയും ചെയ്യുന്നുണ്ട്. |
| **സി).** കഴിഞ്ഞ 5 വർഷക്കാലയളവിൽ എത്ര ജാതി സർട്ടിഫിക്കറ്റുകൾ വ്യാജമാ ണെന്ന് കണ്ടെത്തിയിട്ടുണ്ട്; | **സി).** 27 ജാതി സർട്ടിഫിക്കറ്റുകൾ വ്യാജമാ ണെന്നു കണ്ടെത്തിയിട്ടുണ്ട്. |
| **ഡി).** പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ ത്തിനും പുരോഗതിക്കുമായി നടത്തുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിൽ കിർ ത്താഡ്സിന് എന്തെങ്കിലും പങ്കുണ്ടോ; | **ഡി).** ഉണ്ട്. പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെ ട്ട് പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥർക്ക് പരിശീ ലനം നൽകിവരുന്നു. പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |
| **ഇ).** കിർത്താഡ്സിൽ ഇപ്പോൾ നടത്തുന്ന ഗവേഷണ പരിപാടികൾ എന്തെല്ലാമാ ണെന്ന് അറിയിക്കുമോ? | **ഇ).** പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിലെ അപാക തകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട ഗവേഷണ പഠനം, കാസർഗോഡ് ജില്ലയിലെ ഗോല്ല, വയനാട് ജില്ലയിലെ വയനാടൻ കാടർ, കുണ്ടുവടിയൻ എന്നീ സമുദായങ്ങളുടെ പട്ടിക വർഗ്ഗ/ഒ.ബി.സി. അവകാശവുമായി ബന്ധപ്പെട്ട പഠനം, പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ അടി സ്ഥാന വിവരശേഖരണ സർവ്വേ, തടിയേതര വനവിഭവങ്ങളും, പരിസ്ഥിതി സംരക്ഷണവും, പങ്കാളിത്ത വികസന പദ്ധതികളും, കേരള ത്തിലെ വനത്തെ മാത്രം ആശ്രയിക്കുന്ന പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉപജീവനവും എന്ന വിഷയത്തിലുള്ള പഠനം, അട്ടപ്പാടിയിലെ 'കുറുംബ' വിഭാഗക്കാരുടെ പാരമ്പര്യ അറിവു ശേഖരണം, കേരളത്തിലെ സമൃദ്ധി കേന്ദ്രങ്ങ ളുടെ ഒരു വിലയിരുത്തൽ പഠനം, പട്ടിക ഗോത്ര വിഭാഗങ്ങൾ സർക്കാർ-സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണം എത്രമാത്രം ഉപ യോഗപ്പെടുത്തി എന്നതിനെക്കുറിച്ച് ഒരു വില യിരുത്തൽ പഠനം എന്നിവ കിർത്താഡ്സിൽ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 657 — 23-07-08 - ൽ മറുപടിക്ക്.

## മദ്യഷാപ്പുകൾക്ക് ദൂരപരിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ പി. കെ. അബ്ദുറബ്ബ്<br>ശ്രീ എം. ഉമ്മർ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യഷാപ്പുകൾ അനുവദിക്കുമ്പോൾ സ്കൂളുകൾ, ആരാധനാലയങ്ങൾ എന്നിവയിൽ നിന്നും ക്ലിപ്ത ദൂരം അകലെയായിരിക്കണമെന്ന നിബന്ധനയുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ ദൂരപരിധി ലംഘിച്ച് മദ്യഷാപ്പുകൾ നടത്തുന്നത് കണ്ടുപിടിച്ച് അവ പൂട്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ ഏതെല്ലാം ഷാപ്പുകളാണ് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ പൂട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ താഴെ പറയുന്ന 6 കള്ളുഷാപ്പുകൾ ദൂരപരിധി നിയമം ലംഘിച്ചതിന് പൂട്ടിച്ചിട്ടുണ്ട്.<br>1. കൂത്തുപറമ്പ് റേഞ്ചിലെ 29-ാം നമ്പർ മേല ചെമ്പാട് കള്ള് ഷാപ്പ്.<br>2. തിരുവനന്തപുരം റേഞ്ചിലെ 6-ാം നമ്പർ കള്ള് ഷാപ്പ്.<br>3. മാവേലിക്കര റേഞ്ചിലെ 19-ാം നമ്പർ കൺടിയൂർ കള്ള് ഷാപ്പ്.<br>4. മാവേലിക്കര റേഞ്ചിലെ 39-ാം നമ്പർ മഞ്ഞാടിത്തറ കള്ള് ഷാപ്പ്.<br>5. ചെങ്ങന്നൂർ റേഞ്ചിലെ 29-ാം നമ്പർ കുരട്ടിനാട് കള്ള് ഷാപ്പ്.<br>6. ചേർത്തല റേഞ്ചിലെ 45-ാം നമ്പർ ചമ്മനാട് കള്ള് ഷാപ്പ്. |

K. Mohammed Lagi

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**

**നിയമസഭാ ചോദ്യം നം.658** **23.07.2008-ൽ മറുപടിക്ക്.**

## പോലീസിന്റെ പ്രവർത്തനം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാൻ നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസിന്റെ പ്രവർത്തനം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ആധുനിക ആയുധങ്ങൾ വാങ്ങുന്നതിനും കുറ്റാന്വേഷണത്തിൽ നൂതന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) പോലീസിന്റെ പ്രവർത്തനം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി തോക്കുകളും, തിരകളും, വിവിധ തരത്തിലുള്ള ടിയർ സ്മോക്ക് ഉപകരണങ്ങളും വാങ്ങി ഉപയോഗിക്കുന്നുണ്ട്. കൂടാതെ കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പോലീസ് നവീകരണഫണ്ട് ഉപയോഗിച്ച് ഡി. എൻ. എ. ലബോറട്ടറി, സൈബർ ഫോറൻസിക് ഡിവിഷൻ മുതലായവ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി കഴിഞ്ഞു. അത്യാധുനിക ശാസ്ത്രീയ ഉപകരണങ്ങൾ സ്വായത്തമാക്കുകയും, ശാസ്ത്രീയ കുറ്റാന്വേഷണത്തിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) ശാസ്ത്രീയ രീതികൾ അവലംബിച്ച് നടത്തുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും ഇത്തരം കുറ്റവാളികളെ പിടിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) പോലീസ്ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ പരിശീലനം യഥാസമയം നൽകിയും, ശാസ്ത്രജ്ഞന്മാരുടെ സഹായം ലഭ്യമാക്കിയും വിരലടയാള വിദഗ്ദ്ധരുടെയും, ഫോട്ടോഗ്രാഫർമാരുടെയും, ഡോഗ് സ്ക്വാഡിന്റെയും മറ്റും സേവനം ലഭ്യമാക്കിയും പോളിഗ്രാഫ്, നാർക്കോ അനാലിസിസ് മുതലായ ശാസ്ത്രീയ കുറ്റാന്വേഷണ മാർഗ്ഗങ്ങൾ ഉപയോഗിച്ചും സി-ഡാക്ക്, രാജീവ് ഗാന്ധി ബയോടെക്നോളജി സെന്റർ മുതലായ |

വിദഗ്ദ്ധ കേന്ദ്രങ്ങളിൽ നിന്നും ശാസ്ത്രീയ ടെസ്റ്റുകൾ നടത്തിച്ചും അന്വേഷണ ഉദ്യോഗസ്ഥർക്ക് കുറ്റാന്വേഷണത്തിലുള്ള ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യമാക്കിയും കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ എന്നിവടങ്ങളിലെ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുകയും അവയുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥന്മാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടുതൽ ശാസ്ത്രജ്ഞന്മാരെ ഈ ലാബുകളിൽ നിയമിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ആധുനിക ശാസ്ത്രീയ കുറ്റാന്വേഷണത്തിനായി ഡി. എൻ. എ., സൈബർ ഫോറൻസിക് തുടങ്ങിയ ഡിവിഷനുകൾ ഉടൻതന്നെ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 659

23-7-2008-ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാര മേഖലയെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ രാജു :<br>ശ്രീ.വി.എസ്.സുനിൽ കുമാർ :<br>ശ്രീ പി തിലോത്തമൻ :<br>ശ്രീ.പള്ളിപ്രം ബാലൻ : | ശ്രീ കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) വിനോദ സഞ്ചാര മേഖലയെ ശക്തിപ്പെടുത്തി ആകർഷകമാക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) വിനോദ സഞ്ചാര മേഖലയെ ശക്തിപ്പെടുത്തി ആകർഷകമാക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>1. ടൂറിസം ഡസ്റ്റിനേഷനുകളിലെ മാലിന്യ നിർമ്മാർജ്ജനം<br>2. ഉത്തരവാദിത്വ ടൂറിസം<br>3. ഹോം സ്റ്റേസുവനീർ വ്യവസായം<br>4. എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം<br>5. വഴിയോരം<br>6. ഉത്സവം<br>7. ഫാം ടൂറിസം<br>8. ഗ്രാൻറ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ<br>9. ഹെൽത്ത് ടൂറിസം |
| (ബി) ഇതിൽ ആഭ്യന്തര വിനോദ സഞ്ചാരികളെ ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) ടി പദ്ധതികൾ എല്ലാം തന്നെ ആഭ്യന്തര വിനോദ സഞ്ചാരികളെകൂടി ലക്ഷ്യമിട്ട് ആവിഷ്കരിച്ചവയാണ് |

| | |
|---|---|
| (സി) വിനോദ സഞ്ചാര ഇനത്തിൽ കഴിഞ്ഞ ഒരു വർഷം കൊണ്ട് എത്ര വിദേശ നാണയം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) വിനോദ സഞ്ചാര ഇനത്തിൽ കഴിഞ്ഞ ഒരു വർഷം (2007 വർഷം) ലഭിച്ച വിദേശ നാണ്യം ഏകദേശം 2640.94 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. 2007 വർഷം കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 5,15,808 ആണ്. മുൻ വർഷത്തെ അപേക്ഷിച്ച് 2007 വർഷം വിദേശ നാണയ വിനിമയത്തിൽ 32.82 % വളർച്ച നേടി. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നം.660 23.07.2008-ൽ മറുപടിക്ക്.

## പോലീസ് വകുപ്പിന് കൈവരിക്കാനായ നേട്ടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. വി. ജെ. തങ്കപ്പൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസ് വകുപ്പിൽ കുറ്റാന്വേഷണ ചുമതലകൾക്ക് പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | *(എ)* സംസ്ഥാനത്ത് മൂന്ന് സിറ്റി പോലീസ് യൂണിറ്റുകളിൽ കുറ്റാന്വേഷണവും, ക്രമസമാധാനവും വേർതിരിച്ച് കൊണ്ട് ജി.ഒ(ആർ.ടി)3069/ 2006/ആഭ്യന്തരം തീയതി.27.12.2006 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മൂന്ന് സിറ്റി പോലീസ് യൂണിറ്റുകളിൽ ക്രമസമാധാനവും കുറ്റാന്വേഷണവും പ്രത്യേകമായി പ്രവർത്തിച്ചുവരുന്നു.ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) കുറ്റാന്വേഷണം ശാസ്ത്രീയമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | *(ബി)* പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ പരിശീലനം യഥാസമയം നൽകിയും, ശാസ്ത്രജ്ഞന്മാരുടെ സഹായം ലഭ്യമാക്കിയും, വിരലടയാള വിദഗ്ദ്ധരുടെയും.ഫോട്ടോഗ്രാഫർമാരുടെയും, ഡോഗ് സ്ക്വാഡിന്റെയും മറ്റും സേവനം ലഭ്യമാക്കിയും പോളിഗ്രാഫ്, നാർക്കോ അനാലിസിസ് മുതലായ ശാസ്ത്രീയ കുറ്റാന്വേഷണ മാർഗ്ഗങ്ങൾ ഉപയോഗിച്ചും സീഡാക്, രാജീവ് ഗാന്ധി —— ബയോടെക്നോളജി സെന്റർ മുതലായ |

വിദഗ്ധകേന്ദ്രങ്ങളിൽ നിന്നും ശാസ്ത്രീയ ടെസ്റ്റുകൾ നടത്തിച്ചും അന്വേഷണ ഉദ്യോഗസ്ഥർക്ക് കുറ്റാന്വേഷണത്തിലുള്ള ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യമാക്കിയും കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ എന്നിവടങ്ങളിലെ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുകയും അവയുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥന്മാർക്ക് വിദഗ്ധ പരിശീലനം നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടുതൽ ശാസ്ത്രജ്ഞന്മാരെ ഈ ലാബുകളിൽ നിയമിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ആധുനിക ശാസ്ത്രീയ കുറ്റാന്വേഷണത്തിനായി ഡി. എൻ. എ. ഫിംഗർപ്രിന്റിംഗ് , സൈബർ ഫോറൻസിക് തുടങ്ങിയ ഡിവിഷനുകൾ ഉടൻതന്നെ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതാണ്.

(സി) സൈബർ സെൽ ശക്തിപ്പെടുത്തിയതിനെ തുടർന്ന് കുറ്റകൃത്യങ്ങൾ തടയുന്നതിലും കണ്ടുപിടിക്കുന്നതിലും എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്;

*(സി)* സൈബർസെൽ ശക്തിപ്പെടുത്തിയതിന്റെ ഫലമായി ഹൈടെക് കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ കംപ്യൂട്ടർ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയുമായി ബന്ധപ്പെട്ട് ലഭിയ്ക്കുന്ന പരാതികൾ നേരിട്ട് അന്വേഷിയ്ക്കുകയും കുറ്റകൃത്യങ്ങൾ കണ്ടുപിടിയ്ക്കാൻ മറ്റ് പോലീസ് വകുപ്പുകളെ സഹായിക്കുകയും ചെയ്യുന്നു.

(ഡി) പ്രമാദവും സങ്കീർണ്ണവുമായ കേസുകൾക്ക് തുമ്പുണ്ടാക്കുന്നതിലും തെളിയിക്കുന്നതിലും കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ പോലീസ് വകുപ്പിന് കൈവരിക്കാനായ നേട്ടം വിശദമാക്കുമോ?

*(ഡി)* ശാസ്ത്രീയ കുറ്റാന്വേഷണത്തിലൂടെ കുറഞ്ഞകാലം കൊണ്ട് പ്രമാദമായ ഒട്ടനവധി കേസ്സുകൾ തെളിയിക്കാൻ പോലീസ് വകുപ്പിന് സാധിച്ചിട്ടുണ്ട്. തെളിയിക്കപ്പെട്ട പ്രമാദമായ ചില കേസ്സുകളുടെ ഒരു പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

( അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ് )

സെക്ഷൻ ഓഫീസർ